2023
NOVEMBER
01
WEDNESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995



## 17 ലക്ഷം അഫ്ഗാൻ അഭയാർഥികളെ മടക്കി അയയ്ക്കാനൊരുങ്ങി പാക്കിസ്ഥാൻ

**ഇസ്ലാമാബാദ്:** അഭയാർഥികളായി പാക്കിസ്ഥാൻ അതിർത്തിയിൽ കഴിയുന്ന അഫ്ഗാൻ പൗരന്മാർ നാടുകടത്തൽ ഭീഷണിയിൽ.

1.7 ദശലക്ഷം വരുന്ന അഭയാർഥികളോട് നവംബർ ഒന്നിനു മുമ്പ് രാജ്യം വിട്ടു പോകണമെന്നാണ് പാക്കിസ്ഥാൻറെ അന്ത്യശാസനം.

2021ൽ താലിബാൻ അഫ്ഗാനിസ്ഥാൻറെ ഭരണം പിടിച്ചെടുത്തതിനു പിന്നാലെ പാക്കിസ്ഥാനിലേക്ക് പാലായനം ചെയ്ത അഭയാർഥികളാണ് ഇവയിലേറെയും. പതിറ്റാണ്ടുകളായി പാക്കിസ്ഥാൻറെ അതിർത്തിയിൽ അഭയാർഥികളായി കഴിയുന്ന അഫ്ഗാനികളുമുണ്ട്. മതിയായ രേഖകളില്ലാത്തതിൻറെ പേരിലാണ് ഇപ്പോൾ ഇവരോട് രാജ്യം വിട്ടു പോകാൻ ആവശ്യപ്പെട്ടിരിക്കുന്നത്.

പാക്കിസ്ഥാൻ വിട്ടു പോകാൻ നിർബന്ധിതമായാൽ ഞങ്ങൾ എങ്ങോട്ടു പോകും സാദിയ എന്ന അഭയാർഥി പെൺകുട്ടി ചോദിക്കുന്നു.

പാക്കിസ്ഥാനിലെ പെഷവാറിലാണ് സാദിയ പഠിക്കുന്നത്. 2021ൽ താലിബാൻ അഫ്ഗാനിസ്ഥാൻറെ ഭരണം പിടിച്ചതിനു പിന്നാലെയാണ് പഠനം തുടരാനായി സാദിയ അവിടെ നിന്ന് രക്ഷപ്പെടുന്നത്. താലിബാൻ സർക്കാർ പെൺകുട്ടികളുടെ വിദ്യാഭ്യാസം വിലക്കിയതിനെത്തുടർന്നായിരുന്നു ഇത്.

ഇപ്പോൾ പാക്കിസ്ഥാൻ വിട്ട് അഫ്ഗാനിസ്ഥാനിലേക്ക് മടങ്ങേണ്ടി വന്നാൽ എങ്ങനെ പഠനം തുടരുമെന്ന് ആശങ്കയുണ്ടെന്ന് സാദിയ പറയുന്നു.

ഇരുരാജ്യങ്ങളും തമ്മിൽ അതിർത്തിയിൽ ഉടലെടുത്ത സംഘർഷങ്ങളാണ് ഇപ്പോൾ പാക്കിസ്ഥാനെ ഇത്തരത്തിലൊരു നീക്കത്തിലേക്കെത്തിച്ചിരിക്കുന്നത് എന്നാണ് വിവരം. അഫ്ഗാനിസ്ഥാനിൽ നിന്നുള്ള ഭീകരവാദികൾ പാക്കിസ്ഥാൻ അതിർത്തിയിൽ സ്ഥിരമായി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുവെന്നാണ് പാക്കിസ്ഥാൻറെ വാദം.

## ഇസ്രയേൽ വ്യോമാക്രമണം; 50 പേർ കൊല്ലപ്പെട്ടു, മരണ സംഖ്യ ഉയർന്നേക്കും

**ഗാസ:** വടക്കൻ ഗാസയിലെ അഭയാർത്ഥി ക്യാമ്പിന് നേരെ ഇസ്രയേൽ വ്യോമാക്രമണം. അമ്പതോളം പേർ കൊല്ലപ്പെട്ടതായി ഗാസ ആരോഗ്യ മന്ത്രാലയം അറിയിച്ചു. 150 ഓളം പേർക്ക് പരിക്കേറ്റു. ഗാസയിലെ ജബലിയയിലെ അഭയാർത്ഥി ക്യാമ്പിലെ അപ്പാർട്ട്മെൻറ് ബ്ലോക്കുകളിലാണ് ആക്രമണമുണ്ടായത്. ജീവഹാനി സംബന്ധിച്ച കണക്കുകളുടെ യഥാർഥ ചിത്രം വ്യക്തമല്ലെന്ന് ഇൻഡൊനീഷ്യൻ ആശുപത്രി ഡയറക്ടർ അതീഫ് അൽ കഹ്ലൗത്ത് അറിയിച്ചു.

ഗാസ ആരോഗ്യ മന്ത്രാലയത്തിന്റെ റിപ്പോർട്ടുകൾ അനുസരിച്ച് ആക്രമണത്തിൽ ജബലിയ അഭയാർത്ഥി ക്യാമ്പ് പൂർണമായും തകർന്നു. ഡസൻ കണക്കിന് ആളുകൾ കെട്ടിടാവശിഷ്ടങ്ങളിൽ കുടുങ്ങിക്കിടക്കുന്നു. മരണ സംഖ്യ ഇനിയും ഉയർന്നേക്കുമെന്നാണ് റിപ്പോർട്ട്. ഗാസയിലെ അഭയാർഥി ക്യാമ്പുകൾക്ക് നേരെ നേരത്തെയും ഇസ്രയേൽ ആക്രമണമുണ്ടായിരുന്നു

ഒക്ടോബർ 7 മുതൽ ഇസ്രായേൽ ആക്രമണത്തിൽ ഗാസയിൽ ഇതുവരെ 8,525 പേർ കൊല്ലപ്പെട്ടിട്ടുണ്ട്. അതേസമയം ഇസ്രായേലി യുദ്ധടാങ്കുകൾ ഹമാസിന്റെ ഭൂഗർഭ അറകൾ ആക്രമിച്ചതിൽ നൂറുകണക്കിന് ഹമാസ് സംഘാംഗങ്ങളെ വധിച്ചതായി ഇസ്രയേൽ അവകാശപ്പെടുന്നു. വെടിനിർത്തൽ ആവശ്യം തള്ളിയ ഇസ്രയേൽ ഗാസയിൽ കരയുദ്ധം ശക്തമാക്കിയിരിക്കുകയാണ്.

## കേരളത്തിനും കയറ്റുമതി നയം; ലക്ഷ്യമിടുന്നത് ആഗോള വിപണി



**തിരുവനന്തപുരം:** കേരളത്തിൻറെ ഉത്പന്നങ്ങൾക്ക് ആഗോള വിപണി നേടാനും കയറ്റുമതി പ്രോത്സാഹനവും ലക്ഷ്യമിട്ട് സംസ്ഥാന വ്യവസായ വകുപ്പ് എക്സ്പോർട്ട് പ്രൊമോഷൻ പോളിസി (ഇപിപി) നടപ്പാക്കും. കയറ്റുമതി ശേഷി, വിപണി വൈവിധ്യവത്കരണം, സാമ്പത്തിക പ്രോത്സാഹനങ്ങൾ എന്നിവ വർധിപ്പിക്കുന്നതിലൂടെ സംസ്ഥാനത്തിന് അനുകൂലമായ വ്യാവസായികാന്തരീക്ഷം സൃഷ്ടിക്കാനാണ് കരട് നയം ലക്ഷ്യമിടുന്നത്.

കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെൻറ് കോർപ്പറേഷൻ വഴിയാണ് ഇപിപി നടപ്പാക്കുന്നത്. നയവുമായി ബന്ധപ്പെട്ട് വ്യവസായ പങ്കാളികൾക്കും ജനങ്ങൾക്കും അഭിപ്രായങ്ങളും നിർദേശങ്ങളും പങ്കുവയ്ക്കാനുള്ള അവസരം നവംബർ 1ന് അവസാനിക്കും. നിർദേശങ്ങൾ ലഭിച്ച ശേഷം കരട് നയം അംഗീകാരത്തിനായി സർക്കാരിന് സമർപ്പിക്കും. ജനുവരിയോടെ നയം വിജ്ഞാപനം ചെയ്യാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

സുഗന്ധവ്യഞ്ജനങ്ങൾ, സമുദ്രോത്പന്നങ്ങൾ, തേയില, ആയുർവേദം, ആരോഗ്യ സംരക്ഷണ ഉത്പന്നങ്ങൾ, ടൂറിസം, ഐടി സേവനങ്ങൾ തുടങ്ങിയ ഉത്പന്നങ്ങളിലൂടെ കേരളത്തിൻറെ കയറ്റുമതി സാധ്യത ഇതിനോടകം വെളിപ്പെട്ടതാണ്. ഇതിനു പുറമേ മറ്റ് മേഖലകളിലെ കൂടുതൽ ചരക്ക്, സേവന, മൂല്യവർധിത ഉത്പന്നങ്ങളുടെ കയറ്റുമതി സാധ്യത കൂടി പ്രയോജനപ്പെടുത്താനാണ് നയം ലക്ഷ്യമിടുന്നത്. സുഗന്ധവ്യഞ്ജനങ്ങൾ, ഹോർട്ടികൾച്ചർ, കാർഷിക ഉത്പന്നങ്ങൾ, സീ ഫുഡ്, സംസ്കരിച്ച ഭക്ഷ്യസാധനങ്ങൾ, എൻജിനീയറിങ് സാധനങ്ങൾ, പെട്രോകെമിക്കൽ ഉത്പന്നങ്ങൾ, ജൈവ കീടനാശിനി, അജൈവ രാസവസ്തുക്കൾ, തുണിത്തരങ്ങൾ, പ്രതിരോധബഹിരാകാശഇലക്ട്രോണിക്സ് അനുബന്ധ ഉത്പന്നങ്ങൾ, ആയുർവേദം, ഫാർമസ്യൂട്ടിക്കൽ എന്നിവ ഇതിലുൾപ്പെടുന്നു.

കയറ്റുമതിക്കാർക്ക് സാമ്പത്തിക പ്രോത്സാഹനങ്ങളും പിന്തുണയും നൽകുന്നതിന് സമഗ്രമായ ചട്ടക്കൂട് നിർദേശിക്കുന്നതിനൊപ്പം മൂല്യശൃംഖലയെ ശക്തിപ്പെടുത്തുന്നതിന് ഫണ്ടിങ്, പെർഫോമൻസ് മാനെജ്മെൻറ്, എക്സ്പോർട്ട് സബ്സ്റ്റിറ്റ്യൂഷൻ എന്നിവയുടെ കാര്യക്ഷമതയും കരട് നയം ആവശ്യപ്പെടുന്നു. വിവിധ പ്രദേശങ്ങളിൽ നിന്നുള്ള ഉത്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനുള്ള ജില്ലാ കേന്ദ്രീകൃത സമീപനം ഉൾപ്പെടെയുള്ള സഹായ നടപടികളും നിർദേശിക്കുന്നുണ്ട്.

നീതി ആയോഗിൻറെ 2021ലെ കയറ്റുമതി സൂചികയിൽ ഇന്ത്യൻ സംസ്ഥാനങ്ങളിൽ 16ാം സ്ഥാനത്താണ് കേരളം.

സംസ്ഥാന കയറ്റുമതി നയം സാധ്യമാക്കാത്തതും ജില്ല തിരിച്ചുള്ള കയറ്റുമതി പദ്ധതികളുടെ അപര്യാപ്തതയും ഏതാനും ചരക്കുകളെയും ചില രാജ്യങ്ങളെയും മാത്രം അമിതമായി ആശ്രയിക്കുന്നതുമാണ് കയറ്റുമതിയിൽ സംസ്ഥാനം പിറകോട്ടു പോകുന്നതിന് കാരണമായി ഇപിപി ചൂണ്ടിക്കാട്ടുന്നത്. സമുദ്രോത്പന്നങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ, തോട്ടവിളകൾ എന്നിവയുടെ മൂല്യവർധന പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതിൻറെ ആവശ്യകത നയം അടിവരയിടുന്നു.



## എലിപ്പനി : ജാഗ്രത നിർദ്ദേശവുമായി ഇന്ത്യൻ മെഡിക്കൽ അസ്സോസിയേഷൻ

**കൊച്ചി :** സംസ്ഥാനത്ത് എലിപ്പനി വ്യാപിക്കുന്ന സാഹചര്യത്തിൽ ജാഗ്രതാ നിർദ്ദേശവുമായി ഇന്ത്യൻ മെഡിക്കൽ അസ്സോസിയേഷൻ (ഐ.എം.എ). മറ്റ് ജില്ലകളെ അപേക്ഷിച്ച് എറണാകുളം ജില്ലയിലാണ് ഇപ്പോൾ എലിപ്പനി രോഗികൾ കൂടുതലുള്ളത്. എലിപ്പനി പിടിപെടാൻ സാധ്യതയുള്ള മേഖലകളിൽ ജോലിചെയ്യുന്നവർ മുൻ കരുതലായി ഡോക്സിസൈക്ലിൻ എന്ന ആന്റിബയോട്ടിക് മുൻകൂറായി കഴിക്കുന്നത് നല്ലതായിരിക്കുമെന്ന് ആരോഗ്യവകുപ്പ് അടുത്തിടെ അറിയിച്ചിരുന്നുവെന്നും ഇത്  സർക്കാർ ആരോഗ്യകേന്ദ്രങ്ങളിൽ സൗജന്യമായി ലഭിക്കുമെന്നും ജില്ലാ മെഡിക്കൽ ഓഫീസർ (ഇൻചാർജ്) ഡോ. കെ.കെ.ആശ അറിയിച്ചു.

നായ, എലി, കന്നുകാലികൾ തുടങ്ങിയവയുടെ മൂത്രത്തിൽ കൂടി പുറത്തുവന്ന് വെള്ളത്തിൽ കലർന്ന് മനുഷ്യശരീരത്തിൽ കയറിപ്പയറ്റുന്ന ബാക്ടീരിയകൾ മൂലം ഉണ്ടാകുന്ന രോഗമാണ് എലിപ്പനി. വെള്ളക്കെട്ടുകളിലും മറ്റും ജോലി ചെയ്യുന്നവർ, ഓടകൾ വൃത്തിയാക്കുന്നവർ, പാടത്തും, പറമ്പിലും പൂന്തോട്ടങ്ങളിലും ജോലി ചെയ്യുന്നവർ, കാലിൽ മുറിവ്, പാദം വിണ്ടുകീറിയിട്ടുള്ളവർ, മൃഗങ്ങളുമായി കൂടുതൽ സമ്പർക്കമുള്ളവർ തുടങ്ങിയവർക്ക് എലിപ്പനി പിടിപെടാനുള്ള സാധ്യത കൂടുതലാണ്. പനിയോടൊപ്പം തലവേദന, പേശിവേദന എന്നിവയാണ്  രോഗലക്ഷണങ്ങൾ. എന്നാൽ എല്ലാ പനിയും എലിപ്പനി ആകണമെന്നില്ല. പനിയുമായി ആശുപത്രികളിലോ, ക്ലിനിക്കുകളിലോ എത്തുന്ന രോഗികൾക്ക് അവർ എലിപ്പനി പിടിപെടാൻ സാധ്യതകളുള്ള മേഖലകളിലാണോ ജോലിയെന്ന് ഡോക്ടർമാർ നിർബന്ധമായും ചോദിച്ചറിയേണ്ടതുണ്ട്. ഇത്തരത്തിൽ എലിപ്പനി സാധ്യത തിരിച്ചറിയാൻ കഴിഞ്ഞാൽ ഉടൻ രോഗികൾക്ക് ഡോക്സിസൈക്ലിൻ നൽകാനും, എലിപ്പനി മൂലമുള്ള മരണം ഒഴിവാക്കാനും സാധിക്കുമെന്ന് ഐ.എം.എ കൊച്ചി സയന്റിഫിക് കമ്മിറ്റി ചെയർമാൻ ഡോ. രാജീവ് ജയദേവൻ പറഞ്ഞു. പനി ബാധിച്ച വ്യക്തികളിൽ എലിപ്പനി സാധ്യതയുള്ളപ്പോഴാണ് ആന്റിബയോട്ടിക്  ഉപയോഗിക്കേണ്ടതെന്നും രോഗലക്ഷണങ്ങൾ ഉള്ളവർ സ്വയം ചികിത്സ നടത്തരുതെന്നും  ഐ.എം.എ കൊച്ചി പ്രസിഡന്റ് ഡോ. എം.എം. ഹനീഷ് ആവശ്യപ്പെട്ടു.

## ഫർണീച്ചർ നവീകരണത്തിന് ഫെവിക്കോൾ റിലം

**കൊച്ചി:** ഫർണീച്ചർ നവീകരണത്തിന് ഫെവിക്കോൾ റിലം അനുയോജ്യമെന്ന് അവകാശപ്പെട്ട് കമ്പനി. ഉത്സവ സീസണിൽ ചുവരുകൾ പെയിന്റ് ചെയ്യുമ്പോഴോ അപ്ഹോൾസ്റ്ററി മാറ്റുമ്പോഴോ ഫർണീച്ചർ നവീകരണം പലപ്പോഴും നടക്കാറില്ല. ചെലവേറിയതും ബുദ്ധിമുട്ടുള്ളതുമാണെന്ന് കണക്കാക്കപ്പെടുന്നതിനാലാണിത്.

ഇതിന് പരിഹാരമാണ് ഫെവിക്കോൾ റിലമെന്ന് ബ്രാൻഡ് അവകാശപ്പെടുന്നു. ഫെവിക്കോൾ റിലം ഉപയോഗിച്ച് യാതൊരുതടസവും, ശബ്ദവും, പൊടിയും കൂടാതെ തന്നെ വീടിന്റെ ഫർണിച്ചറുകൾക്ക് പുത്തൻ രൂപം നൽകാനാവും. ഈ പശ ഉപയോഗിച്ച് ലാമിനേറ്റ് ഒട്ടിക്കാനും അതുവഴി ഫർണിച്ചർ നവീകരണ പ്രക്രിയ ലളിതമാക്കാനും കഴിയും. രണ്ട് മണിക്കൂറിനുള്ളിൽ തൽക്ഷണ ഹോൾഡിംഗ് ശക്തിയും പ്രോസസിംഗ് കരുത്തും നൽകുന്നതാണ് ഫെവികോൾ റിലം പശ. ഇതിന് പ്രത്യേക മണമില്ല. ശക്തമായ മിശ്രിതം ആവശ്യമില്ലാത്തതിനാൽ ഉപയോഗിക്കാനും എളുപ്പമാണ്. ലാമിനേറ്റ് സുഗമമായി പറ്റിനിൽക്കുന്നുവെന്ന് ഫെവിക്കോൾ റിലം ഉറപ്പാക്കും. ഒരു പ്രൊഫഷണൽ ഫിനിഷും ഫെവിക്കോൾ റിലം ഉറപ്പുനൽകുന്നു. ഫെവിക്കോൾ റിലം ഉപയോഗിച്ച്, പഴയ ലാമിനേറ്റിന് മുകളിൽ നേരിട്ട് ഒരു പുതിയ ലാമിനേറ്റ് ഒട്ടിക്കാനും പഴയ ഫർണിച്ചറുകളുടെ രൂപം അതിഭംഗിയായി മാറ്റാനും കഴിയുമെന്നും ബ്രാൻഡ് അവകാശപ്പെടുന്നു.

## ആമസോണിൽ ധൻതേരാസ് സ്റ്റോർ

**കൊച്ചി:** നിരവധി ഓഫറുകളുമായി ആമസോണിൽ  ധൻതേരാസ് സ്റ്റോർ. സ്വർണ്ണം, വെള്ളി നാണയങ്ങൾ, ആഭരണങ്ങൾ, പൂജാ സാധനങ്ങൾ, ഇലക്ട്രോണിക്സ്, വീട്ടുപകരണങ്ങൾ, ആക്സസറികൾ, ഡിജിറ്റൽ സ്വർണ്ണം എന്നിവയുൾപ്പെടെ ധൻതേരാസ് സ്റ്റോറിലൂടെ ലഭിക്കും. മലബാർ ഗോൾഡ് ആൻഡ് ഡയമണ്ട്സ്, കെന്റ് ഹെൽത്ത് കെയർ പ്രൊഡക്ട്സ്, ഗിവ, പിസി ചന്ദ്ര, ഡബ്ല്യുഎച്ച്പി , എംഎംടിസി , ബിആർപിഎൽ ,സേയ ബൈ കുന്ദൻ, പിഎൻ ഗാഡ്ഗിൽ, മെലോറ, സോണി ടിവി തുടങ്ങി നിരവധി പ്രമുഖ ബ്രാൻഡുകൾ ധൻതേരാസ് സ്റ്റോറിലുണ്ട്. ജോയ് ആലുക്കാസിന്റെയും  തനിഷ്കിന്റെയും സ്വർണാഭരണങ്ങൾക്കുള്ള ഇഗിഫ്റ്റ് കാർഡും സ്റ്റോറിൽ ലഭ്യമാണ്.ഉപഭോക്താക്കൾക്ക് എസ്ബിഐ  ക്രെഡിറ്റ്, ഡെബിറ്റ് കാർഡുകൾ, ഇഎംഐ ഇടപാടുകൾ എന്നിവയ്ക്ക് 10% വരെയും ആമസോൺ പേ ഉപയോഗിക്കുന്നവർക്ക് ഗിഫ്റ്റ് കാർഡുകളിൽ 10% വരെ കിഴിവും ലഭിക്കും. കൂടാതെ പ്രൈം അംഗങ്ങൾക്ക് യുപിഐ  വഴി ഡിജിറ്റൽ സ്വർണം വാങ്ങുമ്പോൾ 5000 രൂപ വരെയുള്ള 5% ക്യാഷ്ബാക്കും അല്ലാത്തവർക്ക് 3000 രൂപ വരെയുള്ള 3% ക്യാഷ്ബാക്കും ലഭിക്കും.

# ഫോർട്ടുകൊച്ചി പി ഡബ്ല്യുഡി റസ്റ്റ് ഹൗസ് മന്ദിരങ്ങളുടെ നവീകരണത്തിനു തുടക്കം

**കൊച്ചി:** ഫോർട്ടുകൊച്ചി റസ്റ്റ് ഹൗസ് മന്ദിരങ്ങളുടെ നവീകരണ പ്രവർത്തനോദ്ഘാടനം  പൊതുമരാമത്ത്, ടൂറിസം മന്ത്രി അഡ്വ. പി എ മുഹമ്മദ് റിയാസ് നിർവഹിച്ചു. സംസ്ഥാനത്തെ പ്രധാന വിനോദ സഞ്ചാര കേന്ദ്രമായ ഫോർട്ടുകൊച്ചിയിൽ 1.45 കോടി രൂപ ചെലവിലാണ് ബീച്ചിനു സമീപത്തെ രണ്ടു മന്ദിരങ്ങൾ ഉൾപ്പെടുന്ന പൊതുമരാമത്ത് റസ്റ്റ് ഹൗസ് മന്ദിരങ്ങളുടെ തനിമ നിലനിർത്തിക്കൊണ്ടു നവീകരണം നടപ്പാക്കുന്നത്. 1962ൽ നിർമ്മിച്ച പഴയ കെട്ടിടം പുതുക്കി ഫുഡ് സെന്റർ ആക്കുന്നതും  2006ൽ പണിത കെട്ടിടത്തിലെ മുറികളുടെ പുനരുദ്ധാരണവും ഉൾപ്പെടെ നവീകരണ പദ്ധതിയിൽ ഉൾപ്പെടുന്നു. കേരളപ്പിറവിദിന സമ്മാനമാണ് റസ്റ്റ് ഹൗസ് നവീകരണ പദ്ധതിയെന്ന് മന്ത്രി അഡ്വ. പി എ മുഹമ്മദ് റിയാസ് പറഞ്ഞു. കേരളപ്പിറവി ദിനം പൊതുമരാമത്ത് വകുപ്പിനെ സംബന്ധിച്ച് വളരെ പ്രധാനപ്പെട്ടതാണ്. രണ്ടുവർഷം മുമ്പ് കേരളപ്പിറവി ദിനത്തിലാണ് പൊതുമരാമത്ത് റസ്റ്റ് ഹൗസുകൾ പീപ്പിൾസ് റസ്റ്റ് ഹൗസുകളായി മാറ്റുന്നത്. ഓൺലൈൻ ബുക്കിംഗിലൂടെ റസ്ററ് ഹൗസ് മുറികൾ ജനങ്ങൾക്കും എളുപ്പത്തിൽ ലഭ്യമായി.

റെസ്റ്റ് ഹൗസുകൾ വികസിപ്പിക്കുന്ന പദ്ധതി രണ്ടുവർഷം ആകുമ്പോൾ വകുപ്പിന്റെ ഒറ്റക്കെട്ടായ പ്രവർത്തനത്തിലൂടെ വൻ വിജയമായി. രണ്ടു വർഷത്തിനിടെ പത്തു കോടിയിൽ അധികം രൂപയാണ് റസ്റ്റ് ഹൗസുകളിൽ നിന്നുണ്ടായ വരുമാനം. സംസ്ഥാന ടൂറിസം മേഖലയ്ക്ക് ഉൾപ്പെടെ ഇത് വലിയ ഊർജ്ജം പകർന്നു.എട്ടു റസ്റ്റ് ഹൗസുകൾ നവീകരിക്കാൻ 20 കോടി രൂപ ഇതിനകം അനുവദിച്ചതായി മന്ത്രി റിയാസ് പറഞ്ഞു. ഫോർട്ടുകൊച്ചിയിലെ കൂടാതെ തിരുവനന്തപുരം ജില്ലയിലെ പൊൻമുടി, പാലക്കാട്ടെ തൃത്താല, വയനാട്ടിലെ

മേപ്പാടി, കണ്ണൂരിലെ മട്ടന്നൂർ റസ്റ്റ് ഹൗസുകൾ കൂടി നവീകരിക്കും. പുറമെ എല്ലാ റസ്റ്റ് ഹൗസുകളും ഘട്ടംഘട്ടമായി വികസിപ്പിച്ച് നിലവാരം കൂട്ടും.വിനോദ സഞ്ചാര മേഖലയ്ക്ക് പരസ്പര പൂരകമാമാകും വിധമാണ് റസ്റ്റ് ഹൗസ് നവീകരണം ഉദ്ദേശിക്കുന്നത്.

റോഡ്, പാലം പോലെ പ്രധാന ശ്രദ്ധ നൽകുന്ന കെട്ടിട നിർമ്മാണ മേഖലയിൽ കോമ്പോസിറ്റ് ടെണ്ടർ രീതി കൊണ്ടുവരാനായത് ഏറെ പ്രയോജനപ്രദമായി. ഇങ്ങനെ ഓരോ മേഖലയിലും മാറ്റങ്ങൾക്കു വേണ്ടിയാണ് ശ്രമം. ദേശീയ പാത വികസനം, മലയോര ഹൈവേ, തീരദേശ ഹൈവേ, കിഫ്ബി പദ്ധതികൾ എന്നിങ്ങനെ പശ്ചാത്തല വികസനമേഖലയിൽ നിരവധി പദ്ധതികളാണ് നടപ്പാക്കുന്നത്. ജന പിന്തുണയോടെ എല്ലാ പദ്ധതികളും സമയബന്ധിതമായി പൂർത്തിയാക്കാനാണ് പൊതുമരാമത്ത് വകുപ്പ് ശ്രദ്ധിക്കുന്നതെന്നും മന്ത്രി മുഹമദ് റിയാസ് പറഞ്ഞു.ഫോർട്ടുകൊച്ചി പൊതുമരാമത്ത് റസ്റ്റ് ഹൗസിൽ നടന്ന റസ്റ്റ് ഹൗസ് നവീകരണോദ്ഘാടനത്തിൽ കെ ജെ മാക്സി എംഎൽഎ അധ്യക്ഷത വഹിച്ചു. മേയർ അഡ്വ എം അനിൽകുമാർ മുഖ്യാതിഥിയായി. പൊതുമരാമത്ത് എക്സിക്യൂട്ടീവ് എൻജിനീയർ ജെസ്സിമോൾ ജോഷ്വ റിപ്പോർട്ട് അവതരിപ്പിച്ചു. ഡെപ്യൂട്ടി മേയർ കെ എ അൻസിയ, സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺമാരായ ഷീബാ ലാൽ, പ്രിയ പ്രശാന്ത്, കൗൺസിലർമാരായ ആന്റണി കുരിത്തറ, ബെനഡിക്ട് ഫെർണാണ്ടസ്, വിവിധ കക്ഷി നേതാക്കളായ എം കെ അബ്ദുൽ ജലീൽ, എം എം ഫ്രാൻസിസ്, പി എ ഖാലിദ്, കെ വി ജോൺസൺ, സേവ്യർ കണ്ണമാലി, ടി എം ഇസ്മായിൽ, പൊതുമരാമത്ത് കെട്ടിട വിഭാഗം സൂപ്രണ്ടിങ്ങ് എൻജിനീയർ വി കെ ശ്രീമാല, അസി. എക്സിക്യൂട്ടീവ് എൻജിനീയർ കെ ജി സന്ധ്യ എന്നിവർ സംസാരിച്ചു.



# വഴിയോര വിശ്രമ കേന്ദ്രവും അങ്കണവാടിയും ഉദ്ഘാടനം ചെയ്തു

**കൊടകര:** സ്ത്രീകൾക്കും കുട്ടികൾക്കും അടക്കം സമൂഹത്തിനാകെ ഉപകാരപ്രദമായ ടെയ്ക്ക് എ ബ്രേക്ക് സംവിധാനം ദേശീയ  സംസ്ഥാന പാതയോരങ്ങളിൽ അടക്കം വിപുലീകരിക്കണമെന്ന് മന്ത്രി ആർ ബിന്ദു. കൊടകര ഗ്രാമ പഞ്ചായത്ത് നിർമ്മിച്ച വഴിയോര വിശ്രമ കേന്ദ്രത്തിന്റെയും കൊടകര പഞ്ചായത്ത് പതിനാലാം വാർഡിലെ പുതിയ സ്മാർട്ട് അങ്കൻവാടി കെട്ടിടത്തിന്റെയും ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി. ടെയ്ക് എ ബ്രേക്ക് സംവിധാനം ഈ പ്രദേശങ്ങളിൽ എത്തുന്ന ഓരോ സഞ്ചാരിയുടെയും അനുഗ്രഹമാണ്. ടൂറിസം മേഖല കൂടുതൽ കരുത്ത് പ്രാപിക്കുന്ന ഈ കാലഘട്ടത്തിൽ ടേക്ക് എ ബ്രേക്ക് സംവിധാനങ്ങൾ ഏറെ പ്രാധാന്യം അർഹിക്കുന്നവയാണെന്നും മന്ത്രി പറഞ്ഞു.

സാമൂഹ്യ ബോധത്തിന്റെയും പ്രതിബദ്ധതയുടെയും അടയാളങ്ങളായിട്ടാണ് കേരളത്തിലെ അങ്കണവാടി പ്രവർത്തകരുടെ പ്രവർത്തനങ്ങളെന്നും ഉദ്ഘാടന പ്രഭാഷണത്തിൽ മന്ത്രി പറഞ്ഞു. ഒപ്പം അങ്കണവാടി പ്രവർത്തകരെ അനുമോദിക്കുകയും ചെയ്തു.

സംസ്ഥാനാവിഷ്കൃത പദ്ധതിയുടെ ഭാഗമായി ലഭിച്ച 17,78,530 രൂപയും, തനത് ഫണ്ടിൽ നിന്നുള്ള 8,00,000 രൂപയും ഉപയോഗിച്ചാണ് വഴിയോര വിശ്രമ കേന്ദ്രം നിർമ്മിച്ചിരിക്കുന്നത്. 30 ലക്ഷം രൂപ ഉപയോഗിച്ചാണ് സ്മാർട്ട് അംഗനവാടി നിർമ്മിച്ചിരിക്കുന്നത്. അങ്കണവാടിക്ക് സൗജന്യമായി സ്ഥലം നൽകിയ ജയാനന്ദൻ വൈക്കത്തുകാട്ടിലിനെ ചടങ്ങിൽ മന്ത്രി അനുമോധിച്ചു.

കൊടകര പഞ്ചായത്ത് പ്രസിഡന്റ് അമ്പിളി സോമൻ അദ്ധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് അംഗം സരിത രാജേഷ്, പഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ ജി രജീഷ്, സ്ഥിരം സമിതി അദ്ധ്യക്ഷരായ ടെസ്സി ഫ്രാൻസിസ്, ജോയ് നെല്ലിശ്ശേരി, സ്വപ്ന സത്യൻ, ദിവ്യ ഷാജു, വി കെ മുകുന്ദൻ, ശുചിത്വ മിഷൻ ജില്ലാ കോ ഓർഡിനേറ്റർ ഏണസ്റ്റ് സി  തോമസ്, പഞ്ചായത്ത് സെക്രട്ടറി കെ ബിന്ദു തുടങ്ങിയവർ പങ്കെടുത്തു.

# ലക്ഷ്യം സമീകൃത ആഹാര ഉൽപ്പാദനം ആകണം: ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ

**കൊച്ചി :** ദരിദ്രരുടെ പട്ടിണി മാറ്റുന്നുള്ള ഭക്ഷ്യോൽപ്പാദനം നടത്തുക എന്നതിലുപരി മുഴുവൻ ജനങ്ങൾക്കും സമീകൃത ആഹാരം നൽകാൻ കഴിയുന്ന വിധത്തിൽ ഭക്ഷ്യ സുരക്ഷ ഒരുക്കാനാണ് കാർഷിക രംഗത്തെ ഗവേഷണങ്ങൾ ഊന്നൽ നൽകേണ്ടതെന്ന് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ പറഞ്ഞു. ഫിഷറീസ്, അക്വാകൾച്ചർ മേഖലകൾക്ക് ലോക ഭക്ഷ്യോൽപ്പാദന രംഗത്ത് പ്രാധ്യാനം വളരെയേറെ വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ ഫിഷറീസ് ബിരുദധാരികൾക്കും ഗവേഷകർക്കും ഈ രംഗത്ത് വലിയ സംഭാവനകൾ ചെയ്യുവാൻ കഴിയുമെന്ന് ഗവർണർ പറഞ്ഞു.

കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാലയിൽ (കുഫോസ്) നടന്ന ബിരുദദാന ചടങ്ങിൽ പ്രസംഗിക്കുകയായിരുന്നു ഗവർണർ. ലോക ജനസംഖ്യയിൽ 300 കോടി ജനങ്ങളും കഴിക്കുന്നത് പോഷക ഗുണങ്ങളുള്ള സമീകൃത ആഹാരം അല്ലെന്ന് ഓർക്കണമെന്നും ഗവർണ്ണർ പറഞ്ഞു. 81.1 കോടി ജനങ്ങൾക്ക് വിശപ്പ് അകറ്റാനുള്ള ഭക്ഷണം പോലും യഥാസമയം ലഭിക്കുന്നില്ല. ഇതിനെല്ലാമുള്ള പരിഹാരമായി ലോകം ഉറ്റുനോക്കുന്ന പോംവഴി മൽസ്യോൽപ്പാദനം വർദ്ധിപ്പിക്കുക എന്നതാണ്. ഇതിനായി ഫിഷറീസ് സയൻസ് കാലികമായി പുരോഗമിക്കണമെന്നും ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ പറഞ്ഞു. ഐ.എസ്.ആർ.ഓ ചെയർമാൻ എസ്.സോമനാഥ് ബിരുദദാന ചടങ്ങിൽ മുഖ്യപ്രഭാഷണം നടത്തി. കടലിനെ നിത്യവൃത്തിക്കായി ആശ്രയിക്കുന്നവരുടെ ജീവിത നിലവാരവും തൊഴിൽ സാഹചര്യങ്ങളും മെച്ചപ്പെടുത്താൻ ഐ.എസ്.ആർ.ഓ പ്രതിജ്ഞാബദ്ധമാണെന്ന് എസ്.സോമനാഥ് പറഞ്ഞു. തമിഴ്നാട് സർക്കാരുമായി ഇതിനായി ഐ.എസ്.ആർ.ഓ ധാരണയിലെത്തിയിട്ടുണ്ട്. ഈ മേഖലയിലുള്ള ഐ.എസ്.ആർ.ഓ യുടെ ഗവേഷണ പദ്ധതിയാണ് ഓഷൻ സാറ്റലൈറ്റ് പ്രൊജക്ട്.

കടലിലെ കാലാവസ്ഥ വ്യതിയാനം, മത്സ്യങ്ങളുടെ സഞ്ചാരപഥം, സുനാമി സാദ്ധ്യത തുടങ്ങിയ കാര്യങ്ങളെല്ലാം വിശദമായി ഈ പ്രൊജക്ടിൽ പഠിക്കുന്നുണ്ട്.ഫിഷറീസ് മന്ത്രിയും കുഫോസ് പ്രോ ചാൻസലറുമായ സജി ചെറിയാൻ ബിരുദദാന ചടങ്ങിൽ അധ്യക്ഷത വഹിച്ചു. കേരളത്തിന്റെ ഫിഷറീസ് മേഖലയുടെ സമഗ്ര വളർച്ചക്കായി തമിഴ്നാടിൻറെ പാത പിന്തുടർന്ന് സാദ്ധ്യമായ മേഖലകളിലെല്ലാം ഐ.എസ്.ആർ.ഓ യുമായി സഹകരിക്കുമെന്ന് മന്ത്രി സജി ചെറിയാൻ പറഞ്ഞു. കുഫോസ് വൈസ് ചാൻസലർ ഡോ.ടി.പ്രദീപ് കുമാർ സ്വാഗതവും രജിസ്ട്രാർ കെ.ദിനേശ് നന്ദിയും പറഞ്ഞു.26 പി.എച്ച്.ഡി ബിരുദങ്ങൾ ഉൾപ്പടെ 792 വിദ്യാർത്ഥികൾക്കാണ് ഗവർണർ ചടങ്ങിൽ ബിരുദങ്ങൾ സമർപ്പിച്ചത്. ഇതിൽ 144 പേർ ഫിഷറീസ് സയൻസ് (ബി.എഫ്.എസ്.സി) ബിരുദധാരികളും 83 പേർ ബി.ടെക് (ഫുഡ് ടെക്നോളജി) ബിരുദധാരികളും ആണ്. എം.എഫ്.എസ്.സി (45), എം.ബി.എ (82), എം.എസ്.സി (378), എം.ടെക് (19), എൽ.എൽ.എം 15 (മാരിടൈം ലോ ) എന്നിങ്ങനെയാണ് സർപ്പിച്ച ബിരുദാനന്തര ബിരുദങ്ങൾ.



## ഇന്ത്യയിലെ 50ാമത് പുനരുപയോഗ ഊർജ പദ്ധതിയുമായി ആമസോൺ

**കൊച്ചി:** ആമസോൺ മഹാരാഷ്ട്രയിലെ ഒസാമാബാദിൽ 198 മെഗാവാട്ടിൻറെ കാറ്റാടി വൈദ്യുതി ഫാം ആരംഭിച്ചു. ഇതോടെ കമ്പനിയുടെ ഇന്ത്യയിലെ കാറ്റാടി, സൗരോർജ്ജ പദ്ധതികളുടെ എണ്ണം 50 ആയും ആകെ ശേഷി 1.1 ജിഗാവാട്ടും ആയും ഉയർന്നു. ആഗോള തലത്തിൽ പുനരുപയോഗിക്കാവുന്ന വൈദ്യുതി ഏറ്റവും കൂടുതൽ വാങ്ങുന്ന കമ്പനി എന്ന സ്ഥാനം 2020 മുതലുള്ള ആമസോൺ ഈ നീക്കത്തോടെ ഇന്ത്യയിൽ ഏറ്റവും കൂടുതൽ പുനരുപയോഗിക്കാവുന്ന വൈദ്യുതി വാങ്ങുന്ന കമ്പനി എന്ന സ്ഥാനവും സ്വന്തമാക്കിയതായി ബ്ലൂംബെർഗ് ന്യൂ എനർജി ഫിനാൻസ് ഡാറ്റയിൽ സൂചിപ്പിക്കുന്നു.

2014 മുതൽ 2022 വരെ കമ്പനിയുടെ സൗരോർജ്ജ, കാറ്റാടി ഫാമുകൾ വഴി 2885 കോടി രൂപയുടെ നിക്ഷേപം ഇന്ത്യയിൽ നടപ്പാക്കി. രാജ്യത്തിൻറെ മൊത്തം ജിഡിപിയിലേക്ക് ഏകദേശം 719 കോടി രൂപ സംഭാവന ചെയ്യുകയും 2022ൽ മാത്രം 20,600ലധികം മുഴുവൻ സമയ പ്രാദേശിക ജോലികൾക്ക് പിന്തുണ നൽകുകയും ചെയ്തു.

## ഐഡിഎഫ്സി ഫസ്റ്റ് ബാങ്ക്: അറ്റാദയത്തിൽ 36% ഉയർച്ച

**കൊച്ചി:** സെപ്റ്റംബറിൽ അവസാനിച്ച ക്വാർട്ടറിൽ സ്വകാര്യ മേഖല ബാങ്കായ ഐഡിഎ ഫ്സി ഫസ്റ്റ് ബാങ്കിന്റെ അറ്റാദായം 35 ശതമാനം വർധിച്ച് 751 കോടി രൂപയിലെത്തി. മുൻവ ർഷം ഇതേ കാലയളവിൽ 556 കോടി രൂപയായിരുന്നു അറ്റാദാ യം. ആദ്യ ക്വാർട്ടറിനെ അപേ ക്ഷിച്ച് അറ്റാദായത്തിൽ (731.51 കോടി രൂപ) രണ്ടു ശതമാനം വ ർധനയുണ്ടായിട്ടുണ്ട്.ബാങ്കിന്റെ മൊത്തം വരുമാനം മുൻവർഷം ഇതേ കാലയളവി ലെ 6531 കോടി രൂപയിൽ നിന്ന് 8786 കോടി രൂപയിലെത്തി. അറ്റ പലിശ വരുമാനം മുൻവർഷം ഇതേ കാലയളവിലെ 3022 കോടി രൂപയിൽ നിന്ന് 32 ശതമാനം വർധനയോടെ 3950 കോടി രൂപ യിലെത്തി. അറ്റ പലിശ മാർജിൻ മുൻവർഷം രണ്ടാം ക്വാർട്ടറിലെ 5.83 ശതമാനത്തിൽ നിന്ന് 6,32 ശതമാനമായി ഉയർന്നു

## ശൂന്യതയുടെ അറ്റത്തേക്ക് വ്യാപിക്കുന്ന വിശാലത സംഘ കലാപ്രദർശനം

**കൊച്ചി :** കേരള ലളിതകലാ അക്കാദമി അവതരിപ്പിക്കുന്ന അഭിൻ ശ്രീധരൻ, ക്ലിന്റൺ സി ജോർജ്, സന്തോഷ് സദ്രക് എന്നിവരുടെ ശൂന്യതയുടെ അറ്റത്തേക്ക് വ്യാപിക്കുന്ന വിശാലത സംഘ കലാപ്രദർശനം ഇന്ന് അക്കാദമിയുടെ കോഴിക്കോട് ആർട്ട് ഗ്യാലറിയിൽ ആരംഭിക്കുന്നു. കേരള ലളിതകലാ അക്കാദമിയുടെ 2022-23 ലെ സമകാലിക സംഘ കലാപ്രദർശന പദ്ധതിയുടെ ഭാഗമായാണ് പ്രദർശനം സംഘടിപ്പിച്ചിട്ടുള്ളത്.

ഇന്ന് വൈകുന്നേരം 4 മണിക്ക് പ്രദർശനം ആരംഭിക്കും. ബി. ഹരികൃഷ്ണനാണ് പ്രദർശനം ക്യൂറേറ്റ് ചെയ്യുന്നത്. എത്തിച്ചേർന്നിടത്തുനിന്നും പരിഷ്കരിക്കപ്പെട്ട്, വീണ്ടും മുന്നോട്ട് പോകുന്ന ചലനാത്മകമായ ഒരു ദൃശ്യ ഭാഷയാണ് ഈ സംഘ കലാപ്രദർശനത്തിലെ സൃഷ്ടികളുടെ പ്രത്യേകത. സാമൂഹ്യവും സാംസ്കാരികവുമായ വ്യവഹാരങ്ങളുടെ തുടർച്ചയായി ഉരുത്തിരിയുന്ന ഓർമ്മ, അനുഭവങ്ങൾ, കാഴ്ചപ്പാടുകൾ എന്നിവയുടെ രൂപ പരിണാമം സാധ്യമാക്കുന്നുണ്ട് ഈ യുവ കലാകാരന്മാർ. രൂപങ്ങളുടെയും ബിംബങ്ങളുടെയും തെരഞ്ഞെടുപ്പിൽ സമ്പ്രദായിക കലാദൃശ്യഭാഷകളെ പുനർ നിർമ്മിക്കാനുള്ള ശ്രമം ബോധപൂർവ്വവും അതേസമയം അബോധപൂർവ്വമായും ഉണ്ടായിട്ടുണ്ടെന്ന് കാണാം. ശിൽപം, ചിത്രം, ഇൻസ്റ്റലേഷൻ തുടങ്ങി പലവിധ മാധ്യമങ്ങളിലൂടെ പരീക്ഷണങ്ങൾ നടത്തുന്ന ഈ കലാകാരന്മാർ തങ്ങളുടെ ആവിഷ്കാരങ്ങളിലെ ആന്തരികത നിരന്തരമായി അന്വേഷിക്കുന്നു. ദൃശ്യഭാഷയിലും വിഷയത്തിലും ആശയങ്ങളുടെ മൗലികത പുലർത്തുന്ന ഈ സൃഷ്ടികൾ സമകാലീന കലയിൽ അതിന്റേതായ ഇടം കണ്ടെത്തുന്നു.പ്രദർശനം 2023 നവംബർ 10ന് സമാപിക്കും. പ്രദർശനസമയം രാവിലെ 11 മണി മുതൽവൈകുന്നേരം 7 വരെയാണ്.




## എയർ ഇന്ത്യ എക്സ്പ്രസ് വിമാനങ്ങളുടെ പ്രവർത്തനം അബുദാബി ടെർമിനൽ എയിൽ നിന്ന്

**കൊച്ചി:** ഇന്നു മുതൽ അബുദാബി അന്താരാഷ്ട്ര വിമാനത്താവളത്തിൽ പുതുതായി ആരംഭിച്ച ടെർമിനൽ എ (ടിഎ) യിലേക്ക് എയർ ഇന്ത്യ എക്സ്പ്രസ് വിമാനങ്ങളുടെ പ്രവർത്തനം മാറുമെന്ന് എയർലൈൻ അറിയിച്ചു.എയർ ഇന്ത്യ എക്സ്പ്രസിൻറെ പ്രധാന വിപണികളിലൊന്നാണ് അബുദാബി. അബുദാബിയെ കോഴിക്കോട്, കണ്ണൂർ, കൊച്ചി, മംഗലാപുരം, തിരുച്ചിറപ്പള്ളി, തിരുവനന്തപുരം എന്നിവിടങ്ങളുമായി ബന്ധിപ്പിക്കുന്ന 29 പ്രതിവാര സർവീസുകൾ എയർലൈൻ നടത്തുന്നുണ്ട്. വിൻറർ ഷെഡ്യൂളിൻറെ ഭാഗമായി ഡിസംബറിൽ ഈ ലക്ഷ്യ സ്ഥാനങ്ങളിലേക്കുള്ള സർവീസുകൾ 31 ആയി വർദ്ധിപ്പിക്കും.

56 വിമാനങ്ങളുമായി, 30 ആഭ്യന്തര വിമാനത്താവളങ്ങളിലും 14 അന്താരാഷ്ട്ര വിമാനത്താവളങ്ങളിലുമായി എയർ ഇന്ത്യ എക്സ്പ്രസ് പ്രതിദിനം 300ലധികം സർവീസ് നടത്തുന്നുണ്ട്.

നിർമ്മാണ ഘട്ടത്തിൽ മിഡ്ഫീൽഡ് ടെർമിനൽ എന്നറിയപ്പെട്ടിരുന്ന ടെർമിനലാണ് അബുദാബി ഇൻറർനാഷണൽ എയർപോർട്ടിൽ പുതുതായി ഉദ്ഘാടനം ചെയ്ത ടെർമിനൽ എ. പ്രതിവർഷം 45 ദശലക്ഷം യാത്രക്കാരെ വരെ ഉൾക്കൊള്ളാനുള്ള ശേഷിയുണ്ട് പുതിയ ടെർമിനലിന്. അബുദാബി ഇൻറർനാഷണൽ എയർപോർട്ടിൻറെ വിപുലീകരണത്തിൻറെ ഭാഗമാണ് അൽ മതാർ ഏരിയായിലെ ഈ അത്യാധുനിക ടെർമിനൽ.

ഷെയ്ഖ് സായിദ് ബിൻ സുൽത്താൻ സ്ട്രീറ്റ് ഇ10 വഴി പുതിയ ടെർമിനലിൽ എത്തിച്ചേരാനാകും.പുതിയ ടെർമിനൽ എയിൽ പാസ്പോർട്ട് സ്കാനിംഗ്, ഐ സ്കാനിംഗ് സൗകര്യങ്ങളുള്ള 34 ഇ ഗേറ്റുകളും 38 ഇമിഗ്രേഷൻ കൗണ്ടറുകളും യാത്രക്കാർക്കായി ലഭ്യമാക്കിയിട്ടുണ്ട്.

യാത്രക്കാരുടെ പ്രോസസ്സിംഗ് കാര്യക്ഷമമാക്കുന്നതിനും കുറഞ്ഞ കാത്തിരിപ്പ് സമയം ഉറപ്പാക്കുന്നതിനുമായി അത്യാധുനിക ഫേഷ്യൽ റെക്കഗ്നിഷൻ സാങ്കേതികവിദ്യയും പുതിയ ടെർമിനലിൽ നടപ്പാക്കും.പുതിയ ടെർമിനലിൽ 160 ഷോപ്പുകളും ഭക്ഷണ പാനീയ ഔട്ട് ലെറ്റുകളും ഉണ്ടാകും. ആകെ 35,000 ചതുരശ്ര മീറ്റർ റീട്ടെയിൽ സ്പെയിസ്.

# പയനീറിങ്ങ് ഗ്രോത്ത്; ട്രാൻസ്ഫോർമിംഗ് കേരള ; ദ്വിദിന സമ്മേളനം കൊച്ചിയിൽ

**കൊച്ചി:** കേരളത്തിന്റെ വളർച്ചയും വികസനവും ലക്ഷ്യമിട്ട് ഫിക്കിയുടെ നേതൃത്വത്തിൽ കേരള വ്യവസായ വികസന കോർപ്പറേഷനുമായി (കെഎസ്ഐഡിസി) സഹകരിച്ച് സംഘടിപ്പിക്കുന്ന ദ്വിദിന സമ്മേളനം നവംബർ 9, 10 തീയതികളിൽ ബോൾഗാട്ടി ഗ്രാൻഡ് ഹയാത്തിൽ നടക്കുമെന്ന് ഫിക്കി കേരള സ്റ്റേറ്റ് കൗൺസിൽ ചെയർമാൻ ഡോ. എം. ഐ സഹദുള്ള വാർത്താ സമ്മേളനത്തിൽ അറിയിച്ചു. മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. വ്യവസായ മന്ത്രി പി. രാജീവ് അധ്യക്ഷത വഹിക്കും. എം.പിമാരായ ഡോ. ശശി തരൂർ, ഹൈബി ഈഡൻ എന്നിവർക്കൊപ്പം കമൽഹാസൻ, ക്രിസ് ഗോപാലകൃഷ്ണൻ, ഇന്ത്യയിലെ ബ്രിട്ടീഷ് ഹൈ കമ്മീഷണർ അലക്സാർ എല്ലിസ് എന്നിവർ ഉദ്ഘാടന ചടങ്ങിൽ പങ്കെടുക്കും. കേരള ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ മുഖ്യാതിഥിയാകുന്ന സമാപന സമ്മേളനത്തിൽ ധനമന്ത്രി കെ.എൻ ബാലഗോപാൽ മുഖ്യപ്രഭാഷണം നടത്തും.

കേരളത്തിന്റെ സമഗ്ര വികസനവും, നിക്ഷേപ സാധ്യതകളും ലക്ഷ്യമിട്ട് സംഘടിപ്പിക്കുന്ന ദ്വിദിന സമ്മേളനത്തിൽ ആഗോള തലത്തിൽ പ്രശസ്തമായ നിരവധി കമ്പനികളും സി ഇ ഒമാരും പങ്കെടുക്കും. ഹെൽത്ത് ആൻഡ് വെൽനസ്, ബാങ്കിംഗ് ആൻഡ് ഫിനാൻസ്, ഇൻഫ്രാസ്ട്രക്ച്ചർ, ഐ ടി ആൻഡ് ഐ ടി ഇ എസ് , എന്റർടെയിൻമെന്റ്, എഡ്യുക്കേഷൻ ആൻഡ് ആർട്ട്, സ്റ്റാർട്ട് അപ്പ്സ്, റീറ്റെയ്ൽ, ടൂറിസം, സസ്റ്റെയ്നബിൾ ഇക്കോ സിസ്റ്റം എന്നീ മേഖലകൾക്ക് ഊന്നൽ നൽകിയാകും സെഷനുകൾ നടക്കുക. ഈ വർഷത്തെ ഫിക്കി മെയ്ഡ് ഇൻ കേരള അവാർഡുകളും സമ്മേളനത്തിൽ വിതരണം ചെയ്യും.രണ്ട് ദിവസങ്ങളിലായി നടക്കുന്ന വിവിധ സെഷനുകളിൽ മുൻ അംബാസിഡർ ടി.പി ശ്രീനിവാസൻ , ചലച്ചിത്ര താരങ്ങളായ സിദ്ധാർഥ് സൂര്യനാരായണൻ, നിക്കി ഗൽറാണി, മധു എസ് നായർ, വ്യവസായ പ്രമുഖരായ വിശാൽ ബാലി, ഡോ. ഫൈസൽ കൊട്ടിക്കൊള്ളൻ, ശ്യാം ശ്രീനിവാസൻ, സുമൻ ബില്ല മുഹമ്മദ് ഹനീഷ് , വി.കെ മാത്യൂസ്, പി.ആർ ശേഷാദ്രി, വാസുദേവൻ, അനൂപ് അംബിക, ഡോ. ജിബ്സൺ ജി വേദമണി, ദാമോദൽ മാൽ, . എം.പി അഹമ്മദ്, പ്രവീൺ തോമസ്, വിനോദ് സുസ്ത്സി, പ്രഭാത് സഹായ് വർമ്മ, ബി. സന്ധ്യ ഐ.പി.എസ്, സന്തോഷ് കുമാർ എന്നിവർ സംസാരിക്കും. ചലച്ചിത്രതാരവും നർത്തകിയുമായ ശോഭന, സംഗീതജ്ഞൻ സ്റ്റീഫൻ ദേവസി എന്നിവർ നയിക്കുന്ന കലാപരിപാടികളും നടക്കും.

കേരളത്തിന്റെ സമഗ്ര വികസനത്തിനായി വ്യവസായ സംരംഭകർ, നിക്ഷേപകർ, നയരൂപീ കരണ വിദഗ്ധർ എന്നിവർക്കു പുറമെ നിലവിലെ വെല്ലുവിളികൾ നേരിടാൻ വിദഗ്ധരും വ്യവസായ രംഗത്തെ അതികായരും തമ്മിലുള്ള തുറന്ന ചർച്ചകൾക്കും ഈ സമ്മേളനം വേദിയാകും.

വ്യവസായ പുരോഗതിക്കായി പുതിയ സാധ്യതകളും തന്ത്രങ്ങളും ആവിഷ്കരിക്കുന്ന സമ്മേളനത്തിൽ ഏറ്റവും ആകർഷകമായ നിക്ഷേപ കേന്ദ്രമായി കേരളത്തെ ഉയർത്തി കാട്ടുക എന്നതാണ് സമ്മേളനത്തിലൂടെ ലക്ഷ്യമിടുന്നത്. ദേശീയ, അന്തർദേശീയ താത്പര്യങ്ങൾ കൂടി മുൻനിർത്തിയുള്ള പുതിയ നിക്ഷേപക സാധ്യതകളും ദ്വിദിന സമ്മേളനം ചർച്ച ചെയ്യും. പ്രസന്റേഷനുകൾക്കും സെഷനുകൾക്കുമപ്പുറം പരസ്പര സഹകരണത്തിന്റെ അനന്ത സാദ്ധ്യതകൾ കൂടി തുറക്കുന്നതാകും കൊച്ചിയിൽ നടക്കുന്ന ദ്വിദിന സമ്മേളനം. ഉന്നത സർക്കാർഉദ്യോഗസ്ഥർ, വ്യവസായ പ്രമുഖർ, മാനേജ്മെന്റ് ഗുരുക്കന്മാർ തുടങ്ങിയവർസമ്മേളനത്തിലുടനീളംപങ്കെടുക്കും. കെ എസ് ഐ ഡി സി ജനറൽ മാനേജർ ആർ. പ്രശാന്ത്, ആന്റണി കൊട്ടാരം, അലക്സ് കെ.നൈനാൻ, ബിബു പൊന്നൂരാൻ, എ. ഗോപാലകൃഷ്ണൻ, യു.സി റിയാസ്, സാവിയോ മാത്യു എന്നിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

# 2022 ൽ രാജ്യത്ത് റോഡപകടങ്ങളിലും മരണങ്ങളിലും വർധനവ്

**ന്യൂഡെൽഹി:** കഴിഞ്ഞവർഷം രാജ്യത്തെ റോഡപകടങ്ങളിലും മരണങ്ങളിലും 2021 നേക്കാൾ വർധനവ്. റോഡ് ഗതാഗത, ഹൈവേ മന്ത്രാലയം പുറത്തിറക്കിയ ഇന്ത്യയിലെ റോഡപകടങ്ങൾ 2022, വാർഷിക റിപ്പോർട്ടിലാണ് ഇക്കാര്യം വ്യക്തമാക്കിയത്.മുൻവർഷത്തെ അപേക്ഷിച്ച് അപകടങ്ങളിൽ 11.9%, മരണങ്ങളിൽ 9.4%, പരിക്കുകളിൽ 15.3% വർധനയാണ് ഇതു കാണിക്കുന്നത്.ഏഷ്യാ പസഫിക് റോഡ് അപകട ഡാറ്റാബേസ് പദ്ധതിയുടെ കീഴിൽ യുണൈറ്റഡ് നേഷൻസ് എക്കണോമിക് ആൻഡ് സോഷ്യൽ കമ്മീഷൻ ഫോർ ഏഷ്യ ആൻഡ് പസഫിക് നൽകിയിട്ടുള്ള രൂപമാതൃകയിൽ 2022 കലണ്ടർ വർഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങളിലെയും കേന്ദ്ര ഭരണ പ്രദേശങ്ങളിലെയും പോലീസ് വകുപ്പുകളിൽ നിന്ന് ലഭിച്ച വിവരങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ് ഈ റിപ്പോർട്ട്.

റിപ്പോർട്ട് പ്രകാരം, 2022 കലണ്ടർ വർഷത്തിൽ സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലുമായി മൊത്തം 4,61,312 റോഡ് അപകടങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിൽ 1,68,491 പേർ മരിക്കുകയും 4,43,366 പേർക്ക് പരിക്കേൽക്കുകയും ചെയ്തു. അമിതവേഗത, അശ്രദ്ധമായി വാഹനമോടിക്കുക, മദ്യപിച്ച് വാഹനമോടിക്കുക, ട്രാഫിക് നിയമങ്ങൾ പാലിക്കാതിരിക്കുക എന്നിവ ഉൾപ്പെടെയുള്ള ഈ അപകടങ്ങൾക്ക് കാരണമാകുന്ന ഘടകങ്ങളെ നേരിടാൻ സമഗ്രമായ സമീപനം സ്വീകരിക്കേണ്ടതിന്റെ അടിയന്തര ആവശ്യകത റിപ്പോർട്ട് അടിവരയിടുന്നു. ഗതാഗത നിയമനിർവ്വഹണ സംവിധാനങ്ങൾ ശക്തിപ്പെടുത്തുകയും ഡ്രൈവർമാർക്ക് നൽകുന്ന ബോധവത്ക്കരണവും പരിശീലന പരിപാടികളും മെച്ചപ്പെടുത്തുകയും ചെയ്യേണ്ടത് നിർണ്ണായകമാണ്. ഇതോടൊപ്പം റോഡുകളുടെയും വാഹനങ്ങളുടെയും നിലവാരം മെച്ചപ്പെടുത്തുന്നതിന് കൂടുതൽ നിക്ഷേപം നടത്തേണ്ടതും അനിവാര്യമാണെന്ന് റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടുന്നു.

റോഡ് സുരക്ഷാ ഓഡിറ്റുകൾ, റോഡ്ഗതാഗതത്തെ സംബന്ധിച്ച് ആഗോളതലത്തിലെ മികച്ച സമ്പ്രദായങ്ങളെക്കുറിച്ച് പഠിക്കാനുള്ള അന്താരാഷ്ട്ര സഹകരണം തുടങ്ങിയ സംരംഭങ്ങളിലെല്ലാം റോഡ്ഗതാഗത മന്ത്രാലയം സജീവമായി ഇടപെടുന്നുണ്ട്. റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി, അപകടങ്ങളെ കുറിച്ചുള്ള തത്സമയ വിശകലനത്തിനായി ഇലക്ട്രോണിക് ഡീറ്റെയ്ൽഡ് ആക്സിഡന്റ് റിപ്പോർട്ട് വാഹനാപകടങ്ങളെ ചെറുക്കുന്നതിന് ഓട്ടോമേറ്റഡ് വാഹന പരിശോധനാ കേന്ദ്രങ്ങൾ തുടങ്ങിയ പുതിയ ചുവടുവയ്പ്പുകളും നടപ്പിലാക്കുന്നുണ്ടെന്നും റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു.റോഡ് സുരക്ഷാ മേഖലയിൽ നയങ്ങൾ രൂപീകരിക്കുന്നവർക്കും ഗവേഷകർക്കും ബന്ധപ്പെട്ട മറ്റുള്ളവർക്കും ഇന്ത്യയിലെ റോഡപകടങ്ങൾ 2022 എന്ന പ്രസിദ്ധീകരണം വിലപ്പെട്ട സ്രോതസാണ്.

റോഡപകടങ്ങളുടെ വിവിധ വശങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ, കാരണങ്ങൾ, അപകടസ്ഥലങ്ങൾ, വിവിധ വിഭാഗങ്ങളിലെ റോഡ് ഉപയോക്താക്കളിൽ ഇവ ചെലുത്തുന്ന സ്വാധീനം എന്നിവയുൾപ്പെടെയുള്ളയെ കുറിച്ച് ഈ റിപ്പോർട്ട് വിശദമായ ഉൾക്കാഴ്ചകൾ നൽകുന്നു. ഈ മേഖലയിലെ നൂതന പ്രവണതകൾ, വെല്ലുവിളികൾ, മന്ത്രാലയത്തിന്റെ റോഡ് സുരക്ഷാ സംരംഭങ്ങൾ എന്നിവയെക്കുറിച്ച് റിപ്പോർട്ടിൽ വെളിച്ചം വീശുന്നുണ്ട്.

# മുത്തൂറ്റ് മൈക്രോഫിന് 109.57 കോടി ലാഭം

**കൊച്ചി:** കേരളം ആസ്ഥാനമായുള്ള മുത്തൂറ്റ് പാപ്പച്ചൻ ഗ്രൂപ്പിന്റെ മൈക്രോഫിനാൻസ് വിഭാഗമായ മുത്തൂറ്റ് മൈക്രോഫിൻ ലിമിറ്റഡ് 2023 സെപ്റ്റംബർ 30ന് അവസാനിച്ച പാദത്തിൽ 109.57 കോടി രൂപുടെ ലാഭം കൈവരിച്ചു. മുൻ പാദത്തേക്കാൾ 14.5 ശതമാനമാണ് വർധന. മൊത്തം പ്രവർത്തന വരുമാനം മുൻ പാദത്തിൽ നിന്ന് 17.74 ശതമാനം വർധിച്ച് 563.62 കോടി രൂപയിലെത്തി.തങ്ങളുടെ പ്രാഥമിക പരിഗണന സാമ്പത്തികമായി ഏറ്റവും താഴെയുള്ള ഉപഭോക്താക്കൾക്ക് മികച്ച സേവനം നൽകുക എന്നതാണെന്ന് മുത്തൂറ്റ് മൈക്രോഫിൻ മാനേജിങ് ഡയറക്ടർ തോമസ് മുത്തൂറ്റ് പറഞ്ഞു.കമ്പനിയുടെ ശേഷിക്കും പെരുമാറ്റച്ചട്ട വിലയിരുത്തലിനുമായി ക്രിസിലിൻറെ ഏറ്റവും ഉയർന്ന മൈക്രോഫിനാൻസ് ഗ്രേഡിംഗ് എം1സി1 മുത്തൂറ്റ് മൈക്രോഫിൻ കൈവരിച്ചിട്ടുണ്ട്. കൂടാതെ ക്രിസിൽ എപ്ലസ് സ്റ്റേബിൾ റേറ്റിംഗും മുത്തൂറ്റ് മൈക്രോഫിൻ കൈവരിച്ചിട്ടുണ്ട്.

# ടർട്ട്ൽ വാക്സ് കേരളത്തിൽ പുതിയ കാർകെയർ സ്റ്റുഡിയോ തുറന്നു



**കൊല്ലം:** ഷിക്കാഗോ ആസ്ഥാനമായി പ്രവർത്തിക്കുന്ന അമേരിക്കൻ കാർ കെയറിങ് ബ്രാൻഡായ ടർട്ട്ൽ വാക്സ്, കരുണ കാർ ഡീറ്റെയിലിംഗുമായി സഹകരിച്ച് കൊല്ലം ജില്ലയിൽ മകോബ്രാൻഡഡ് കാർകെയർ സ്റ്റുഡിയോ തുറന്നു.

കൊല്ലം, തൃക്കടവൂർ, കുരീപ്പുഴ ബൈപാസ് റോഡിൽ സേക്രഡ് ഹാർട്ട് സ്കൂളിന് സമീപമാണ് പുതിയ ഷോറൂം. പരിചയസമ്പന്നരായ പ്രൊഫഷണലുകളുടെ സഹായത്തോടെ അത്യാധുനിക ടർട്ട്ൽ വാക്സ് ഡീറ്റെയ്ലിംഗ് ടെക്നോളജിയും, ഉപയോഗിക്കാൻ എളുപ്പവുമായ ടർട്ട്ൽ വാക്സ് ഉൽപ്പന്നങ്ങളും, അവ ഉപയോഗിച്ചുള്ള ഡിറ്റെയിലിങ് സേവനങ്ങളുമാണ് ടർട്ട്ൽ വാക്സിന്റെ കാർകെയർ സ്റ്റുഡിയോയിൽ ലഭ്യമാവുകയെന്ന് ടർട്ട്ൽ വാക്സ് കാർ കെയർ ഇന്ത്യ പ്രൈവറ്റ് ലിമിഡറ്റിന്റെ മാനേജിങ് ഡയറക്ടർ സാജൻ മുരളി പുറവങ്കര പറഞ്ഞു.കാർ കെയർ, ഡീറ്റെയ്ലിങ് മേഖലകളിൽ കഴിഞ്ഞ ഏതാനും വർഷങ്ങളായി സേവനങ്ങൾ നൽകിവരുന്ന കരുണ കാർ ഡീറ്റെയ്ലിങ്ങുമായി ചേർന്ന്, ഉപഭോക്താക്കൾക്ക് മികച്ച നിലവാരവും ഉപഭോക്തൃ സേവനവും വഴി മികച്ച മൂല്യം വാഗ്ദാനം ചെയ്യാനാണ് ടർട്ട്ൽ വാക്സ് ലക്ഷ്യമിടുന്നത്. പ്രൊഫഷണൽ വാഹന പരിപാലനത്തിനും ശുചിത്വത്തിനും വേണ്ടിയുള്ള ഉപഭോക്തൃ ആവശ്യങ്ങൾ നിറവേറ്റുന്നതാണ് ടർട്ട്ൽ വാക്സ് കാർ കെയർ സ്റ്റുഡിയോ. സ്റ്റുഡിയോയിലൂടെ മേഖലയിലെ ഉപയോക്താക്കൾക്ക് ടർട്ട്ൽ വാക്സിന്റെ ഏറ്റവും പുതിയ സാങ്കേതികവിദ്യകളായ സെറാമിക്, ഗ്രാഫീൻ ശ്രേണിയിലെ സേവനങ്ങൾ ലഭ്യമാകും.

ഇതോടൊപ്പം കാർ പേറ്റന്റഡ് ഗ്രാഫീൻ സാങ്കേതികവിദ്യയുള്ള ഹൈബ്രിഡ് സൊല്യൂഷൻസ്, ഹൈബ്രിഡ് സൊല്യൂഷൻസ് പ്രോ തുടങ്ങിയ ടർട്ട്ൽ വാക്സ് ഉൽപ്പന്നങ്ങളും പുതിയ കാർ കെയർ സ്റ്റുഡിയോയിൽ ലഭിക്കും. ഈ പുതിയ സ്റ്റുഡിയോയിലൂടെ സംസ്ഥാനത്തുടനീളം മികച്ച കാർ ഡീറ്റെയിലിങ് സേവനം നൽകാനാണ് തങ്ങൾ ലക്ഷ്യമിടുന്നതെന്നുംസാജൻ മുരളി പുറവങ്കര പറഞ്ഞു. വരും വർഷങ്ങളിൽ ഡീലർ പങ്കാളിത്തം ശക്തിപ്പെടുത്തുമെന്നും, രാജ്യത്തെ ചെറുകിട നഗരങ്ങളിലും സാനിധ്യമുണ്ടാക്കുമെന്നും അദ്ദേഹം പറഞ്ഞു. കാർ കെയറിങ്ങിലെ ആഗോള മുൻനിരക്കാരെ പങ്കാളിയാക്കാനും പ്രതിനിധീകരിക്കാനും കഴിഞ്ഞതിൽ ഞങ്ങൾ ഏറെ സന്തോഷഭരിതരാണെന്ന് കരുണ കാർ ഡീറ്റെയ്ലിങ് ഉടമ മണിലാൽ ശ്രീലാൽ പറഞ്ഞു. ടർട്ട്ൽ വാക്സുമായുള്ള ഈ ബന്ധം ഇവിടെയുള്ള കാർ പ്രേമികൾക്ക് മികച്ച പരിചരണം നൽകി ഞങ്ങളെ കൂടുതൽ ഉയരങ്ങളിലെത്തിക്കുമെന്ന് ഉറപ്പുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# ശേഷം മൈക്കിൽ ഫാത്തിമ നവംബർ 17 ന്




കല്യാണി പ്രിയദർശൻ ഫാത്തിമ എന്ന കേന്ദ്രകഥാപാത്രത്തിലെത്തുന്ന കളർഫുൾ ഫാമിലി എന്റെർറ്റൈനെർ ചിത്രം ശഷം മൈക്കിൽ ഫാത്തിമ നവംബർ 17 ന് തിയേറ്ററുകളിലെത്തും. ചിത്രത്തിന്റെ നേരത്തെ നിശ്ചയിച്ച റിലീസ് തീയതി സാങ്കേതികമായ ചില കാരണങ്ങളാലാണ് നവംബർ പതിനേഴിലേക്ക് മാറുന്നത്. മനു സി കുമാർ സംവിധാനം ചെയ്ത ചിത്രത്തിൽ അനിരുദ്ധ് രവിചന്ദർ ആലപിച്ച ഗാനവും ചിത്രത്തിന്റെ ടീസറും പ്രേക്ഷകർക്കിടയിൽ തരംഗമായി മാറിയിരുന്നു.ഫുട്ബാൾ കമന്റേറ്ററായി കല്യാണി അഭിനയിക്കുന്ന ചിത്രത്തിൽ മലപ്പുറം ഭാഷ സംസാരിച്ച് കസറിയ കല്യാണിയുടെ കരിയറിലെ ഏറെ പ്രത്യേകതകൾ നിറഞ്ഞ പുതുമയുള്ള ചിത്രമാണിത്.വിജയ് ചിത്രം ലിയോ, ജവാൻ, ജയ്‌ലർ എന്നീ ചിത്രങ്ങളുടെ ബോക്സ് ഓഫീസ് വിജയത്തിന് ശേഷം ഗോകുലം മൂവീസ് ആഗോള തലത്തിൽ റിലീസ് ചെയ്യുന്ന മലയാള ചിത്രമായിരിക്കും ശേഷം മൈക്കിൽ ഫാത്തിമ.

കേരളത്തിൽ ഗോകുലം മൂവീസിന്റെ ഡിസ്ട്രിബ്യൂഷൻ പാർട്ട്നേഴ്സ് ആയ ഡ്രീം ബിഗ് ഫിലിംസാണ് വിതരണം നിർവഹിക്കുന്നത്.കല്യാണി പ്രിയദർശനോടൊപ്പം സുധീഷ്, ഫെമിന, സാബുമോൻ, ഷഹീൻ സിദ്ധിഖ്, ഷാജു ശ്രീധർ, മാല പാർവതി, അനീഷ് ജി മേനോൻ, സരസ ബാലുശ്ശേരി,പ്രിയാ ശ്രീജിത്ത് ,ബാലതാരങ്ങളായ തെന്നൽ, വാസുദേവ് തുടങ്ങിയവരാണ് മറ്റു കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്. ദി റൂട്ട് , പാഷൻ സ്റ്റുഡിയോസ് എന്നിവയുടെ ബാനറിൽ ജഗദീഷ് പളനിസ്വാമിയും സുധൻ സുന്ദരവും ചേർന്നാണ് ചിത്രം നിർമിക്കുന്നത്. ചിത്രത്തിന്റെ എക്സിക്കുട്ടീവ് പ്രൊഡ്യൂസർ : രഞ്ജിത് നായർ, ഛായാഗ്രഹണം : സന്താനകൃഷ്ണൻ രവിചന്ദ്രൻ, സംഗീത സംവിധാനം: ഹിഷാം അബ്ദുൽ വഹാബ് ,എഡിറ്റർ : കിരൺ ദാസ്, ആർട്ട് : നിമേഷ് താനൂർ, കോസ്റ്റ്യൂം : ധന്യാ ബാലകൃഷ്ണൻ, മേക്ക് അപ്പ് റോണെക്സ് സേവിയർ, ചീഫ് അസ്സോസിയേറ്റ് : സുകു ദാമോദർ, പബ്ലിസിറ്റി : യെല്ലോ ടൂത്ത്സ്, പ്രൊഡക്ഷൻ കൺട്രോളർ : റിച്ചാർഡ്, ക്രിയേറ്റിവ് പ്രൊഡ്യൂസർ : ഐശ്വര്യ സുരേഷ്, പി ആർ ഒ : പ്രതീഷ് ശേഖർ.



# വിക്രമിന്റെ പുതിയ ചിത്രം ചിയാൻ 62

തെന്നിന്ത്യൻ താരം ചിയാൻ വിക്രമിന്റെ അറുപത്തി രണ്ടാമത്തെ ചിത്രം പ്രഖ്യാപിച്ച് പ്രമുഖ നിർമ്മാതാക്കളായ എച്ച് ആർ പിക്ചേഴ്സ്. ചിത്രത്തിന്റെ പ്രഖ്യാപനം ഒരു അന്നൗൺസ്മെന്റ് വിഡിയോയിൽ കൂടിയാണ് നിർമ്മാതാക്കൾ പുറത്തിറക്കിയത്.പണ്ണൈയാരും പത്മിനിയും, സേതുപതി, സിന്ധുബാദ്, വൻ ജനപ്രീതിയാർജ്ജിച്ച ചിത്ത തുടങ്ങിയ ചിത്രങ്ങളിലൂടെ പ്രശസ്തനായ സംവിധായകൻ എസ്.യു.അരുൺ കുമാറാണ് ചിയാൻ 62 സംവിധാനം ചെയ്യുന്നത്. ഒരു ഗംഭീര ചിത്രത്തിന്റെ ട്രെയ്‌ലർ പോലെ തന്നെ ഫീൽ ചെയ്ത അന്നൗൺസ്മെന്റ് വീഡിയോ മണിക്കൂറുകൾക്കുള്ളിൽ സോഷ്യൽ മീഡിയയിൽ തരംഗമായി മാറി. ഒരു ദിവസത്തിനുള്ളിൽ പതിനെട്ടു ലക്ഷത്തോളം കാഴ്ചക്കാരുമായി യൂട്യൂബിൽ ട്രെൻഡിങ് ലിസ്റ്റിലാണ് ചിയാൻ 62 അന്നൗൺസ്മെന്റ് വീഡിയോ. പ്രമുഖ നിർമ്മാണ കമ്പനിയും വിതരണ കമ്പനിയുമായ എച്ച്ആർ പിക്ചേഴ്സിന് വേണ്ടി റിയ ഷിബു നിർമ്മിക്കുന്ന ചിയാൻ 62 തീവ്രവും ആകർഷകവുമായ ആക്ഷൻ എന്റർടെയ്നർ ആയിരിക്കും. ജി വി പ്രകാശ് ചിത്രത്തിന് സംഗീത സംവിധാനം നിർവഹിക്കും. 2024 ജനുവരിയിൽ ചിത്രീകരണം ആരംഭിക്കുന്ന ചിയാൻ 62 ലെ പൂർണ്ണമായ ചിത്രീകരണത്തിന്റെ ആക്ഷന്റെ ഒരു ദൃശ്യം അനൗൺസ്മെന്റ് വീഡിയോ നൽകുന്നു. അഭിനേതാക്കളും സാങ്കേതിക പ്രവർത്തകരും ഒന്നിക്കുന്ന ചിത്രത്തിന്റെ കൂടുതൽ വിവരങ്ങൾ വരും നാളുകളിൽ അറിയിക്കുമെന്ന് അണിയറപ്രവർത്തകർ അറിയിച്ചു. പി ആർ ഓ : പ്രതീഷ് ശേഖർ.

# ക്യാമ്പസ് റൊമാന്റിക് ത്രില്ലർ ചിത്രം താൾ




കലാലയ ജീവിതം എന്നും ഓർമ്മകൾ നൽകുന്ന ഒന്നാണ്.കോളേജിലെ രണ്ടു കാലഘട്ടങ്ങൾ കൂട്ടിയിണക്കി വേറിട്ട പ്രമേയവുമായി ഒരുങ്ങിയ റൊമാന്റിക് ത്രില്ലർ ചിത്രം താളിന്റെ ഫസ്റ്റ് ലുക്ക് പോസ്റ്റർ റിലീസായി. ആൻസൺ പോൾ, ആരാധ്യ ആൻ എന്നിവർ കേന്ദ്രകഥാപാത്രങ്ങളായെത്തുന്ന ചിത്രം രാജാസാഗർ സംവിധാനം ചെയ്യുന്നു. ചിത്രത്തിന്റെ കഥയും തിരക്കഥയും സംഭാഷണവും ഡോ. ജി.കിഷോർ നിർവഹിക്കുന്നു. ഗ്രേറ്റ് അമേരിക്കൻ ഫിലിംസിന്റെ ബാനറിൽ ക്രിസ് തോപ്പിൽ, മോണിക്ക കമ്പാട്ടി, നിഷീൽ കമ്പാട്ടി എന്നിവരാണ് ചിത്രത്തിന്റെ നിർമ്മാണം.

രാഹുൽ മാധവ്, ആരാധ്യ ആൻ, രഞ്ജി പണിക്കർ, രോഹിണി,ദേവി അജിത്ത്, സിദ്ധാർത്ഥ് ശിവ, നോബി, ശ്രീധന്യ,

വിവിയ ശാന്ത്, അരുൺകുമാർ,മറീന മൈക്കിൾ എന്നിവരാണ് പ്രധാന കഥാപാത്രങ്ങളിലെത്തുന്നത്.ഛായാഗ്രഹണം :സിനു സിദ്ധാർത്ഥ്,സംഗീതം: ബിജിബാൽലിറിക്സ് : ബി കെ ഹരിനാരായണൻ, രാധാകൃഷ്ണൻ കുന്നുംപുറം, സൗണ്ട് ഡിസൈൻ : കരുൺ പ്രസാദ് , വിസ്താ ഗ്രാഫിക്സ് , വസ്ത്രാലങ്കാരം :അരുൺ മനോഹർ, കല: രഞ്ജിത്ത് കോതേരി, പ്രൊഡക്ഷൻ കൺട്രോളർ : കിച്ചു ഹൃദയ് മല്ല്യ , ഡിസൈൻ: മാമി ജോ, പി ആർ ഓ: പ്രതീഷ് ശേഖർ.

# അർദ്ധരാത്രി പന്ത്രണ്ട് മുതൽ ആറ് വരെ




റോബിൻ സ്റ്റീഫൻ, ബോബി നായർ, രേഷ്മ മനീഷ്, രഞ്ജിത്ത് ചെങ്ങമനാട്, ഗൗരി കൃഷ്ണ, ജാസ്മിൻ. എസ്.എം, ധക്ഷ ജോതീഷ്, ജലത ഭാസ്കരൻ, ശാലിനി എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി ആന്റോ ടൈറ്റസ്, കൃഷ്ണ പ്രസാദ് എന്നിവർ ചേർന്ന് സംവിധാനം ചെയ്യുന്ന അർദ്ധരാത്രി പന്ത്രണ്ട് മുതൽ ആറ് വരെ എന്ന് ചിത്രത്തിന്റെ ടീസർ റീലീസായി.അറങ്കം സ്റ്റുഡിയോസിന്റെ ബാനറിൽ ആന്റോ ടൈറ്റസ് കഥയെഴുതി നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം ആന്റോ ടൈറ്റ്സ് നിർവ്വഹിക്കുന്നു.കൃഷ്ണ പ്രസാദ്തിരക്കഥ, സംഭാഷണമെഴുതുന്നു.

എഡിറ്റർ ഗോപിനാഥ് ശങ്കർ,മേക്കപ്പ്എഡ്വിൻ പാറശ്ശാല,കോസ്റ്റ്യൂം സ്ബേബി ജോൺ,സ്റ്റിൽസ്അഖിൽ, കലാസംവിധായകൻ സുബാഹു മുതുകാട്, പ്രൊഡക്ഷൻ ഡിസൈനർ ഇന്തിര കതിരവൻ, പ്രൊഡക്ഷൻ കൺട്രോളർ ക്ലെമന്റ് കുട്ടൻ,അസോസിയേറ്റ് ഡയറക്ടർകോകില കാന്തൻ, അസിസ്റ്റന്റ് ഡയറക്ടർ അഭയ് കൃഷ്ണ,ശാലിനി എസ് ജോർജ്,ജിനീഷ് ചന്ദ്രൻ, സംഗീതം & ബിജിഎം രാഗേഷ് സ്വാമിനാഥൻ, ഗാനരചനസജേഷ് കുമാർ,ആലാപനംമധു ബാലകൃഷ്ണൻ, ഡിസൈൻഷാനിൽപ്രൊഡക്ഷൻ മാനേജർ ജയചന്ദ്രൻ,പ്രൊഡക്ഷൻ എക്സിക്യൂട്ടീവ് ബാബു കലാഭവൻ.നവംബർ പത്തിന് സൻഹ ആർട്ട്സ് റിലീസ്അർദ്ധരാത്രി പന്ത്രണ്ട് മുതൽ ആറ് വരെ പ്രദർശനത്തിനെത്തിക്കുന്നു.

# ടോർക്ക് ഫാർമ പുതിയ ഹെയർ റിമൂവൽ ക്രീം അവതരിപ്പിച്ചു

**ഗുരുഗ്രാം:** പ്രമുഖ ഫാർമസ്യൂട്ടിക്കൽ കമ്പനിയായ ടോർക്ക് ഫാർമ, ടോർക്ക് റിഫ്രഷ് പേഴ്സണൽ കെയർ ബ്രാൻഡിന്റെ ഭാഗമായി പുതിയ ഹെയർ റിമൂവൽ ക്രീം പുറത്തിറക്കി. സ്ട്രോബെറി, കറ്റാർ വാഴ, റോസ് എസ്സെൻസ് എന്നീ മൂന്ന് വേരിയന്റുകളിൽ ലഭ്യമായ ഈ ക്രീം അമോണിയ മുക്തവും ഏതു തരം ചർമ്മത്തിനും ഗുണകരമായ പ്രകൃതിദത്ത ചേരുവകൾ അടങ്ങിയതുമാണ്.

ക്രീമിലെ സ്വാഭാവിക ഘടകങ്ങളുടെ സാന്നിധ്യം കാലുകൾ, കൈകൾ, കക്ഷങ്ങൾ തുടങ്ങിയ ഭാഗങ്ങളിൽ പൊള്ളലോ മുറിവുകളോ ഉണ്ടാകാതെ നേർത്ത രോമങ്ങൾ നീക്കംചെയ്യാൻ സഹായിക്കുന്നതോടൊപ്പം ചർമ്മത്തെ ഡീടാൻ ചെയ്യാനും സഹായിക്കുന്നു. ഈ ക്രീം ഒരു അധിക മോയ്സ്ചറൈസർ ഉൾക്കൊള്ളുന്നു, ഇത് ചർമ്മത്തിലെ റിയാക്ഷൻ തടയുകയും ചെയ്യുന്നതിൽ നീണ്ടുനിൽക്കുന്ന പ്രഭാവം ഉറപ്പാക്കുന്നു. ഈ ക്രീമിന്റെ ശ്രദ്ധേയമായ നേട്ടം ഇത് ചർമ്മത്തിന്റെ ഉപരിതലത്തിന് താഴെയുള്ള രോമങ്ങളെ അലിയിക്കുന്നു. അതിനാൽ, ഉപരിതല രോമങ്ങൾ നീക്കം ചെയ്യുന്നതിന് പകരം, ഇത് ദീർഘകാലം നീണ്ടുനിൽക്കുന്ന രോമ രഹിത അനുഭവം നൽകുന്നു.

ടോർക്ക് ഫാർമസ്യൂട്ടിക്കൽസ് ഡയറക്ടർ അഭയ് ഇഖ്ബാൽ സിംഗ് ബേദി പറഞ്ഞു, പ്രകൃതിദത്ത ചേരുവകൾ ഉപയോഗിച്ച്, ഈ ക്രീം വ്യക്തികൾക്ക് നീണ്ടുനിൽക്കുന്ന രോമ രഹിത ചർമ്മം, ജലാംശം, തെളിച്ചം, ഡീടാനിങ്ങ് എന്നിവ ആസ്വദിക്കാൻ കഴിയുമെന്ന് ഉറപ്പാക്കുന്നു. ഉപഭോക്താക്കളിൽ നിന്നുള്ള പ്രതികരണത്തിനായി ഞങ്ങൾ ആകാംക്ഷയോടെ കാത്തിരിക്കുകയാണ്.

ടോർക്ക് റിഫ്രഷ് ഹെയർ റിമൂവൽ ക്രീമിന്റെ വില 60 ഗ്രാമിന് 90 രൂപയാണ്. ഉത്പന്നം ഇപ്പോൾ റീട്ടെയിൽ ഔട്ട്ലെറ്റുകളിൽ ലഭ്യമാണ്.

# സ്തനാർബുദ ബോധവൽക്കരണ ബൈക്ക് റാലിയുമായി കൊച്ചി ആസ്റ്റർ മെഡ്സിറ്റി



**കൊച്ചി:** സ്തനാർബുദ ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി കൊച്ചി ആസ്റ്റർ മെഡ്സിറ്റി ആശുപത്രിയുടെ നേതൃത്വത്തിൽ ബൈക്ക് റാലി സംഘടിപ്പിച്ചു. ആസ്റ്റർ മെഡ്സിറ്റിയിൽ നിന്ന് ആരംഭിച്ച റാലി സർജിക്കൽ ഓങ്കോളജി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. ജെം കളത്തിൽ ഫ് ളാഗ് ഓഫ് ചെയ്തു.സ്തനാർബുദ ബോധവൽക്കരണ മാസാചരണത്തിന്റെ സമാപനത്തോടനുബന്ധിച്ചായിരുന്നു ബൈക്ക് റാലി സംഘടിപ്പിച്ചത്.

ആസ്റ്റർ വോളന്റിയേഴ്സിന്റെയും മറ്റ് സന്നദ്ധ സംഘടനകളുടെയും സഹകരണത്തോടെ നടന്ന റാലിയിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള 25ഓളം ബൈക്ക് റൈഡർമാർ അണിനിരന്നു. തിങ്കളാഴ്ച രാവിലെ മെഡ്സിറ്റിയിൽ നിന്ന് ആരംഭിച്ച റാലി നഗരം ചുറ്റിയ ശേഷം ആശുപത്രി അങ്കണത്തിൽ സമാപിച്ചു. ഫ് ളാഗ് ഓഫ് ചടങ്ങിൽ മെഡിക്കൽ ഓങ്കോളജി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. അരുൺ വാര്യർ, കൺസൾട്ടന്റ് ഡോ. അശോക് കോമരഞ്ജത്ത്, കാൻസർ രോഗ വിഭാഗത്തിലെ മറ്റ് വിദഗ്ധരും, ജീവനക്കാരും ക്യാൻസർ അതിജീവിതരും പങ്കെടുത്തു. സ്ത്രീകളിൽ ഏറ്റവും അധികമായി കണ്ടുവരുന്ന അർബുദ രോഗമാണ് സ്തനാർബുദം. നേരത്തെ കണ്ടെത്തി ചികിത്സിച്ചാൽ 80 മുതൽ 90 ശതമാനം പേരിലും രോഗം പൂർണമായും ഭേദമാക്കാൻ കഴിയുമെന്നാണ് പഠനങ്ങളിൽ നിന്ന് വ്യക്തമാകുന്നത്. രോഗത്തെക്കുറിച്ചും രോഗലക്ഷണങ്ങൾ സംബന്ധിച്ചുമുള്ള അറിവില്ലായ്മ മൂലം നിരവധി പേരാണ് ഓരോ വർഷവും മരണപ്പെടുന്നത്. സ്തനാർബുദത്തെ സംബന്ധിച്ച് ജനങ്ങളിൽ കൂടുതൽ അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ വിവിധ തരത്തിലുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായിരുന്നു കഴിഞ്ഞ ഒരു മാസമായി ആസ്റ്റർ മെഡ്സിറ്റി നേതൃത്വം നൽകിയത്.




# അഴിമതിക്കെതിരെ പോരാടാൻ പഞ്ചാബ് നാഷണൽ ബാങ്കിന്റെ ഒരു ലക്ഷം ജീവനക്കാർ

**ന്യൂഡൽഹി:** ഒരു ലക്ഷത്തിലധികം ജീവനക്കാരുള്ള രാജ്യത്തെ മുൻനിര പൊതുമേഖലാ ബാങ്കായ പഞ്ചാബ് നാഷണൽ ബാങ്ക്, രാജ്യത്തെ എല്ലാ ഓഫീസുകളിലും നടക്കുന്ന 2023ലെ വിജിലൻസ് അവബോധ വാരാചരണത്തിന്റെ ഉദ്ഘാടന ചടങ്ങിൽ സമഗ്രതാ പ്രതിജ്ഞയെടുത്തു. സെൻട്രൽ വിജിലൻസ് കമ്മീഷൻ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചാണ് ഈ പരിപാടി നടന്നത്.

പിഎൻബി കോർപ്പറേറ്റ് ഓഫീസിൽ വച്ച് നടന്ന ചടങ്ങിൽ എക്സിക്യൂട്ടീവ് ഡയറക്ടർ എം പരമശിവം, സിവിഒ രാഘവേന്ദ്ര കുമാർ എന്നിവർ എക്സിക്യൂട്ടീവ് ഡയറക്ടർ (സിജിഎംഎസ്) ബിഭു പ്രസാദ് മഹാപാത്ര, മറ്റു മുതിർന്ന ഉദ്യോഗസ്ഥർ എന്നിവരുടെ സാന്നിധ്യത്തിൽ സമഗ്രത പ്രതിജ്ഞ ചൊല്ലിക്കൊടുത്തുകൊണ്ട് പരിപാടി ഫ്ലാഗ് ഓഫ് ചെയ്തു.

പിഎൻബി എക്സിക്യൂട്ടീവ് ഡയറക്ടർ എം പരമശിവം പറഞ്ഞു, എല്ലാ വർഷവും വിജിലൻസ് ബോധവൽക്കരണ വാരവും സർദാർ വല്ലഭായ് പട്ടേലിന്റെ ജന്മദിനവും ആഘോഷിക്കുന്നു. അദ്ദേഹത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് ഏത് തെറ്റായ പ്രവൃത്തികളെയും നാം നേരിടണം, കാരണം ചെറുതോ വലുതോ ആയ ഒരു തട്ടിപ്പ് ഇപ്പോഴും ഒരു വഞ്ചനയാണ്. ജാഗ്രത നമ്മുടെ ജീവിതരീതിയായിരിക്കണമെന്നും പരിമിതപ്പെടുത്തരുതെന്നും ശക്തമായ ഓർമ്മപ്പെടുത്തലാണ് ഈ ആഴ്ച.

ഏതെങ്കിലും ദുഷ്പ്രവൃത്തികൾ തടയുന്നതിന് നമ്മുടെ ദിനചര്യയിൽ ജാഗ്രത പുലർത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ബാങ്കിന്റെ എക്സിക്യൂട്ടീവ് ഡയറക്ടർ ബിഭു പ്രസാദ് മഹാപാത്ര ഊന്നിപ്പറഞ്ഞു.

വിജിലൻസ് അവബോധ വാരത്തിന്റെ ഭാഗമായി, വാക്കത്തോൺ ഉൾപ്പടെ ഒന്നിലധികം പ്രവർത്തനങ്ങളും ഔട്ട്റീച്ച് പ്രോഗ്രാമുകളും സംഘടിപ്പിക്കുന്നു. കൂടാതെ, ബാങ്ക് ജീവനക്കാർക്കും കുടുംബാംഗങ്ങൾക്കുമായി ഉപന്യാസ രചന, ജിംഗിൾ റൈറ്റിംഗ്, കുട്ടികൾക്കായി ചിത്രരചനാ മത്സരം തുടങ്ങിയ ഇൻഹൗസ് മത്സരങ്ങളും സംഘടിപ്പിച്ചിട്ടുണ്ട്. വിജിലൻസ് അവബോധ വാരം നവംബർ 5ന് സമാപിക്കും.




# രണ്ടു വർഷത്തിനുള്ളിൽ എല്ലാ വീട്ടിലും ശുദ്ധജലം: റോഷി അഗസ്റ്റിൻ

**ചേർത്തല:** രണ്ടു വർഷത്തിനുള്ളിൽ സംസ്ഥാനത്തെ മുഴുവൻ വീടുകളിലും ശുദ്ധജലം എത്തിക്കുമെന്നു മന്ത്രി റോഷി അഗസ്റ്റിൻ. ചേർത്തല നഗരസഭയിലെ അമൃത് മിഷൻ സമ്പൂർണ കുടിവെള്ള പദ്ധതിയുടെ പ്രവർത്തനോദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി. 25% കുടുംബങ്ങൾക്കു മാത്രമായിരുന്ന കുടിവെള്ള കണക്ഷൻ 52 ശതമാനത്തിലേക്ക് ഉയർത്താനായതു സമ്പൂർണ വിതരണമെന്നതിന്റെ തുടർച്ചയാണ്. അന്ധകാരനഴി പൊഴിയിൽ മണൽ അടിയുന്നതു സംബന്ധിച്ച് ഉണ്ടാകുന്ന പ്രശ്നങ്ങൾക്കു പരിഹാരം കാണാനായി പ്രത്യേക യോഗം വിളിച്ചു ചേർക്കും. ചേർത്തല ഇരുമ്പുപാലം, സെന്റ് മേരീസ് പാലം എന്നിവയുടെ നിർമാണവുമായി ബന്ധപ്പെട്ട വിഷയങ്ങൾക്കും അടിയന്തര പരിഹാരം ഉണ്ടാക്കുമെന്നും മന്ത്രി പറഞ്ഞു. മന്ത്രി പി.പ്രസാദ് അധ്യക്ഷത വഹിച്ചു.

പല പദ്ധതികളിലും കാലതാമസം ഉണ്ടാകുന്നതിൽ ചെറിയൊരു വിഭാഗം ഉദ്യോഗസ്ഥർക്കു പങ്കുണ്ടെന്നും തടസ്സം സൃഷ്ടിക്കാതെ നിയമത്തിനും ചട്ടത്തിനും ഇടയിൽ നിന്നു ജനങ്ങളെ സേവിക്കേണ്ടവരാണ് ഉദ്യോഗസ്ഥരെന്നും അദ്ദേഹം പറഞ്ഞു. എ.എം.ആരിഫ് എംപി, അമൃത് മിഷൻ ഡപ്യൂട്ടി ഡയറക്ടർ എ.ഷീജ, നഗരസഭാധ്യക്ഷ ഷേർളി ഭാർഗവൻ, വൈസ് ചെയർമാൻ ടി.എസ്.അജയകുമാർ, സ്ഥിര സമിതി അധ്യക്ഷരായ ശോഭ ജോഷി, ജി.രഞ്ജിത്ത്, മാധുരി സാബു, എ.എസ്.സാബു, ഏലിക്കുട്ടി ജോൺ, കൗൺസിലർമാരായ പി.ഉണ്ണിക്കൃഷ്ണൻ, ആശ മുകേഷ്, ബിന്ദു ഉണ്ണിക്കൃഷ്ണൻ, ആർ.സുഭാഷ് എന്നിവർ പ്രസംഗിച്ചു.

## വിഗാർഡ് അറ്റാദായത്തിൽ 35 ശതമാനം വർധന

**കൊച്ചി:** ഇന്ത്യയിലെ മുൻനിര ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് ഉപകരണ നിർമാതാക്കളായ വിഗാർഡ് ഇൻഡസ്ട്രീസ് നടപ്പു സാമ്പത്തിക വർഷം രണ്ടാം പാദത്തിൽ 58.95 കോടി രൂപ സംയോജിത അറ്റാദായം നേടി. മുൻവർഷത്തെ അപേക്ഷിച്ച് 35 ശതമാനമാണ് ലാഭവർധന. സെപ്റ്റംബർ 30ന് അവസാനിച്ച പാദത്തിൽ കമ്പനി 1133.75 കോടി രൂപ സംയോജിത പ്രവർത്തന വരുമാനം നേടി. മുൻ വർഷം ഇതേ കാലയളവിലെ 986.55 കോടി രൂപയിൽ നിന്ന് 14.9 ശതമാനം വർധന രേഖപ്പെടുത്തി. സാമ്പത്തിക വർഷം ആദ്യ പകുതിയിൽ 2348.51 കോടി രൂപയാണ് കമ്പനിയുടെ സംയോജിത പ്രവർത്തന വരുമാനം. 17.1 ശതമാനം വളർച്ച നേടി. ആദ്യ പകുതിയിലെ അറ്റാദായം 26.9 ശതമാനം വർധിച്ച് 123.17 കോടി രൂപയിലെത്തി.

രണ്ടാം പാദത്തിൽ ഉപഭോക്തൃ ഡിമാൻഡ്, പ്രത്യേകിച്ച് കൺസ്യൂമർ ഡ്യൂറബിൾസ് വിഭാഗത്തിൽ, കുറയുന്ന പ്രവണതയുണ്ടായി. ഇത് ഉയർന്ന വളർച്ചയെ സ്വാധീനിച്ചു. മൊത്ത മാർജിനുകളിൽ ഈ പാദത്തിൽ കൂടുതൽ മെച്ചപ്പെട്ട് കോവിഡിനു മുമ്പുള്ള നിലയോട് അടുത്തു വന്നു. ദീർഘകാല ശേഷി വർധനവിനുള്ള നിക്ഷേപം തുടരുന്നു. പ്രവർത്തന മൂലധനം കുറച്ചത് പണ ലഭ്യതയുടെ കരുത്ത് കൂട്ടി. സമീപ കാലത്ത് അവതരിപ്പിച്ച പുതിയ ഉൽപ്പന്നങ്ങൾക്ക് ഉപഭോക്താക്കളിൽ നിന്ന് നല്ല പ്രതികരണമാണ് ലഭിച്ചത്. രണ്ടാം പകുതിയിൽ ഞങ്ങൾ കരുത്തുറ്റ ഉയർന്ന വളർച്ച പ്രതീക്ഷിക്കുന്നു, വിഗാർഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ മിഥുൻ കെ ചിറ്റിലപ്പിള്ളി പറഞ്ഞു.

## ഗവ. പോളിടെക്നിക് ലൈബ്രറിയും അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കും ഉദ്ഘാടനം 9 ന്

**കുന്നംകുളം:** ഗവ. പോളിടെക്നിക് കോളേജിലെ നവീകരിച്ച ലൈബ്രറിയും പുതിയ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കും നവംബർ 9 ന് മന്ത്രി ആർ ബിന്ദു ഉദ്ഘാടനം ചെയ്യും. എസി മൊയ്തീൻ എംഎൽഎ അധ്യക്ഷനാകും.വിദ്യാഭ്യാസ വകുപ്പിന്റെ 2018 19 വർഷത്തെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി അഞ്ച് കോടി രൂപ വിനിയോഗിച്ചാണ് വിദ്യാർത്ഥികൾക്ക് വായനയുടെ ലോകം തീർക്കാൻ വിശാലമായ വായനാശാലയൊരുക്കിയത്. 1202 ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിൽ ഇരു നിലകളിലായായാണ് കെട്ടിടം പണി പൂർത്തീകരിച്ചത്. വിദ്യാർത്ഥികളുടെ കാലങ്ങളായുള്ള ആവശ്യത്തിനാണ് ഇതോടെ പരിഹാരമായത്. വിദ്യാലയത്തിലെ പരിമിത സൗകര്യത്തിലാണ് വായനാമുറി പ്രവർത്തിച്ചിരുന്നത്.

നാല് കോടി രൂപ വിനിയോഗിച്ചാണ് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മിച്ചത്. ഇരു നിലകളിലായാണ് മനോഹരവും വിശാലവുമായ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് പണിതുയർത്തിയിട്ടുള്ളത്. താഴത്തെ നിലയിൽ ഓഫീസ് റൂ, പ്രിൻസിപ്പാൾ റൂം, പരീക്ഷാ ഹാൾ, റെക്കോർഡ് റൂം എന്നിവയും ഒന്നാം നിലയിൽ കോൺഫ്രൻസ് ഹാൾ, പ്ലേസ്മെന്റ് സെൽ, ഗസ്റ്റ് റൂം, സ്റ്റാഫ് ഡൈനിങ്ങ് റൂം, പിടിഎസ് റൂം എന്നീ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.

## എൻഡോസൾഫാൻ: സ്നേഹസാന്ത്വനത്തിന് 16.05 കോടി അനുവദിച്ചു

**കാസർഗോഡ്:** ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള സഹായ പദ്ധതിയായ 'സ്നേഹസാന്ത്വന'ത്തിന് 16.05 കോടി രൂപ അനുവദിച്ചതായി മന്ത്രി ആർ ബിന്ദു പറഞ്ഞു.

'സ്നേഹസാന്ത്വനം' പദ്ധതിക്കു വേണ്ടി 202324 സാമ്പത്തിക വർഷം ബജറ്റിൽ വകയിരുത്തിയ 17 കോടി രൂപയിൽനിന്നാണു 16.05 കോടി രൂപ അനുവദിച്ച് ഭരണാനുമതി നൽകിയത്. കേരള സാമൂഹ്യസുരക്ഷാ മിഷന്റെ 'സ്നേഹസാന്ത്വനം' ശീർഷകത്തിലാണ് തുക അനുവദിച്ചിരിക്കുന്നതെന്നും മന്ത്രി പറഞ്ഞു.

## കാഷ്യൂ കോർപ്പറേഷൻ ഉത്പന്നങ്ങൾക്ക് 30 ശതമാനം വിലക്കുറവ്

കേരളീയം, ദീപാവലി, ക്രിസ്തുമസ്, പുതുവത്സരം പ്രമാണിച്ച് കാഷ്യൂ കോർപ്പറേഷന്റെ കശുവണ്ടി പരിപ്പും മൂല്യവർധിത ഉത്പ്പന്നങ്ങളും 30 ശതമാനം വിലക്കുറവിൽ കാഷ്യൂ കോർപ്പറേഷന്റെ ഔട്ട്ലെറ്റുകൾ, ഫ്രാഞ്ചൈസികൾ, സഞ്ചരിക്കുന്ന വിപണന വാഹനം എന്നിവയിലൂടെ ലഭിക്കും.

# കാലിത്തീറ്റ വില വീണ്ടും വർധിപ്പിച്ചു; ഉത്പാദനച്ചെലവ് കുതിക്കുന്നു മനസുമടുത്ത് ക്ഷീര കർഷകർ



**തൊടുപുഴ:** ഉത്പാദനച്ചെലവ് വർധിക്കുന്നതുമൂലം ക്ഷീര മേഖല കടുത്ത പ്രതിസന്ധിയിൽ. ഇതോടെ മനസ് മടുത്തു ക്ഷീര കർഷകർ ഈ മേഖലയിൽനിന്നു പിന്തിരിയുകയാണ്. മലയോര ജില്ലയായ ഇടുക്കി പാൽ ഉത്പാദനരംഗത്ത് സംസ്ഥാനത്ത് മുൻപന്തിയിലായിരുന്നു. എന്നാൽ നിലവിൽ ഏറെ പിന്നാക്കം പോയിരിക്കുകയാണ്.

തീറ്റപ്പുൽ സമൃദ്ധമായി ലഭിച്ചിരുന്നതിനാൽ കുടിൽവ്യവസായം പോലെ വളർന്നു പന്തലിച്ചിരുന്ന ഈ മേഖലയിൽനിന്നു പാൽ, പാൽ ഉത്പന്നങ്ങൾ, കാലിവളം എന്നിവയിൽനിന്നു കർഷകനു മികച്ച വരുമാനം ലഭിച്ചിരുന്നു.

നാടൻ പശുക്കളിൽനിന്ന് ഉത്പാദന ക്ഷമത കൂടിയ ഇനം പശുക്കളുടെ വളർത്തൽ പ്രചാരം നേടിയിരുന്നു. എന്നാൽ ഇന്നു സ്ഥിതി മാറി. ഉത്പാദന ചെലവ് വർധിച്ചതോടെ ക്ഷീര മേഖലയിൽനിന്നു സാധാരണക്കാർ പിൻവാങ്ങുകയാണ്.

തീറ്റപ്പുല്ലിനു പകരമായി പായ്ക്കറ്റിൽ വരുന്ന കാലിത്തീറ്റയും കന്നാരപോളയും ഗോതന്പ് തവിടുമെല്ലാം നൽകേണ്ടി വരുന്നതു സാധാരണക്കാരന് പശുവളർത്തൽ താങ്ങാനാകാത്ത സ്ഥിതിയാണ് സൃഷ്ടിച്ചിരിക്കുന്നത്.

സമീപനാളിൽ കന്നാരപോളയായിരുന്നു ഫാമുകളിൽ പ്രധാനമായി നൽകിയിരുന്നത്. എന്നാൽ ഇതിനും ഡിമാൻഡ് വർധിച്ചതു കർഷകനു തിരിച്ചടിയായി. പൈനാപ്പിൾ കൃഷി ഉപേക്ഷിച്ച തോട്ടങ്ങളിൽ നിന്നു യഥേഷ്ടം കന്നാരപോള സംഭരിക്കാനാകുമായിരുവെങ്കിൽ ഇന്നു രീതി മാറി. ഒരുകെട്ട് കന്നാരപോളയ്ക്ക് 50 രൂപ വരെ നിലവിൽ നൽകണം. ഇതര സംസ്ഥാനങ്ങളിലേക്കും കന്നാരപോള കയറിപ്പോകാൻ തുടങ്ങിയതോടെയാണ് ഡിമാൻഡ് വർധിച്ചത്. ജില്ലയിൽ നിന്നുള്ള ക്ഷീരകർഷകരിൽ ചിലർ സമീപജില്ലകളിൽനിന്നുമാണ് നിലവിൽ കന്നാരപോള എത്തിക്കുന്നത്.

വാഹനചാർജിനത്തിൽ വലിയ തുകയാണ് ഇതുമൂലം നൽകേണ്ടി വരുന്നത്. കാലിത്തീറ്റയ്ക്ക് വില വർധിപ്പിക്കുന്പോൾ ഇതിന് ആനുപാതികമായി പാലിനും വില വർധിപ്പിച്ചില്ലെങ്കിൽ നിലവിലുള്ളവരും ഈ മേഖലയിൽ നിന്നു പിൻവാങ്ങും.

ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് ഇൻസൻറീവും കാലിത്തീറ്റയ്ക്ക് കൂടുതൽ തുക സബ്സിഡിയും അനുവദിച്ചാലെ നിലവിലെ സാഹചര്യത്തിൽ കർഷകനു മുന്നോട്ടുപോകാനാകൂ.

പേരിനുമാത്രം ഇൻസൻറീവ് അനുവദിച്ചതുകൊണ്ട് കർഷകർക്കു പ്രയോജനമില്ല. സ്വകാര്യകാലിത്തീറ്റ കന്പനികളെല്ലാം ഇടയ്ക്കിടെ വില വർധിപ്പിക്കുന്നതു കർഷകരെ ബുദ്ധിമുട്ടിലാക്കുന്നു. കേരള ഫീഡ്സിന് കഴിഞ്ഞ ആഴ്ച 20 രൂപയാണ് വർധിപ്പിച്ചത്. കേരള ഫീഡ്സ് മിൽക്ക് ബ്രാൻഡിന് 50 കിലോ പായ്ക്കറ്റിന് 1,540 രൂപയാണ് നിലവിലെ വില.

കെഎസ് സുപ്രീം1,570, ശാന്തി1340, കെഎൻസി1500 എന്നിങ്ങനെയാണ് മറ്റു ബ്രാൻഡുകളുടെ വില. ചോളത്തവിടിനു 40 കിലോയ്ക്ക് 900 രൂപയും ഗോതന്പ് തവിടിന് 50 കിലോയ്ക്ക് 12001350 രൂപയുമാണ് വില. ജില്ലയിൽ മാത്രം ക്ഷീര കൃഷിയെ ആശ്രയിച്ച് നിരവധി കുടുംബങ്ങളാണ് കഴിയുന്നത്. നിലവിലെ വിലക്കയറ്റം ഇവരെയെല്ലാം കടുത്ത പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്.

ഉത്പാദന ചെലവ് കണക്കിലെടുക്കുന്പോൾ ഭാരിച്ച ബാധ്യതയാണ് ഭൂരിഭാഗം കർഷകർക്കുമുള്ളത്. ഏറ്റവും മികച്ച പാൽ ലിറ്ററിന് 40 42 തോതിലാണ് വില ലഭിക്കുന്നത്. പ്രതിദിനം 100 ലിറ്ററിലേറെ പാലളന്നിരുന്ന ജില്ലയിലെ പല ക്ഷീരസംഘങ്ങളിൽ നിന്നും 40 മുതൽ 50 ശതമാനം പേർ ഈ മേഖലയിൽ നിന്നു പിന്തിരിഞ്ഞതായാണ് കണക്കുകൾ വ്യക്തമാക്കുന്നത്.

ഉത്സവസീസണുകളിൽ സംസ്ഥാനത്തെ പാൽക്ഷാമം പരിഹരിക്കാൻ അയൽ സംസ്ഥാനങ്ങളിൽ നിന്നു പാൽ എത്തിക്കുകയാണ് പതിവ്. എന്നാൽ മായം കലർന്ന പാലും എത്തുന്നതെന്ന ആക്ഷേപം ശക്തമാണ്. ക്ഷീര കൃഷി നഷ്ടത്തിലായതോടെ ജില്ലയിൽ നിരവധി ഫാമുകളാണ് ചുരുങ്ങിയ നാളുകൾക്കുള്ളിൽ അടച്ചുപൂട്ടിയത്.

ശേഷിക്കുന്ന പല ഫാമുകളും അടച്ചുപൂട്ടലിൻറെ വക്കിലാണ്. ഇതു ഭാവിയിൽ പാൽ ക്ഷാമം ജില്ലയിൽ രൂക്ഷമാക്കാനിടയാക്കും. അതിർത്തി ചെക്ക്പോസ്റ്റുകളിൽ പരിശോധന പേരിനുമാത്രമാണ് പലപ്പോഴും നടക്കുന്നത്.

ഇതുമൂലം മായം കലർന്ന പാൽ കണ്ടെത്താനോ നടപടി സ്വീകരിക്കാനോ അധികൃതർ മെനക്കെടാറില്ല. ഹോട്ടലുകളിലും ബേക്കറികളിലും ഇത്തരം പാൽ വ്യാപകമായി ഉപയോഗിക്കപ്പെടുന്നതായും പറയപ്പെടുന്നു.

## ഷോപ്പ് സൈറ്റ് പട്ടയം: 31.34 ഹെക്ടർ ഭൂമിയിൽ സബ് ഡിവിഷൻ സർവേ ആരംഭിച്ചു

**കട്ടപ്പന:** ഷോപ്പ് സൈറ്റുകൾക്കു പട്ടയം നൽകുന്നതിൻറെ ഭാഗമായി കട്ടപ്പന വില്ലേജിലെ 58ാം നമ്പർ ബ്ലോക്കിലുള്ള 55, 56 സർവേ നമ്പരുകളിലും ബ്ലോക്ക് നമ്പർ 61 ലെ 85/1 എന്ന സർവേ നമ്പരിലും ഉൾപ്പെട്ട ഭൂപ്രദേശങ്ങളിൽ സാറ്റ്ലൈറ്റ് സഹായത്തോടെ സർവേ ആരംഭിച്ചു.

കട്ടപ്പന ഭൂപതിവ് ഓഫീസിൻറെ നേതൃത്വത്തിലാണ് സർവേ നടക്കുന്നത്. മൂന്ന് സർവേയർമാർ, നാല് സഹായികൾ ഉൾപ്പെടുന്ന സംഘമാണ് 55, 56 എന്നീ സർവേ നമ്പരുകളിൽപ്പെട്ട ഭൂമിയിൽ സർവേ നടത്തുന്നത്. സർവേ നമ്പർ 85/1ലും ഉടൻ സർവേ ആരംഭിക്കും.

സാറ്റ്ലൈറ്റിൻറെ സഹായത്തോടെയുള്ള റിയൽ ടൈം കിനിമാറ്റിക് എന്ന ആർടിഎ സർവേയാണിപ്പോൾ നടക്കുന്നത്. 1977ലെ റീസർവേയിൽ കട്ടപ്പന ടൗൺഷിപ്പിനായി മാറ്റിയിട്ട 77ലേറെ ഏക്കർ(31.34 ഹെക്ടർ) ഭൂമിയാണ് അളന്നുതിട്ടപ്പെടുത്തുന്നത്.

സർവേ നമ്പർ 55ൽ 8.58 ഹെക്ടറും 56ൽ 15.24 ഹെക്ടറും 85/1ൽ 7.52 ഹെക്ടർ ഭൂമിയുമാണ് ഉൾപ്പെട്ടിട്ടുള്ളത്. 2018ൽ കളക്ടറുടെ നിർദേശപ്രകാരം ടൗൺഷിപ്പിൽ റീസർവേ ആരംഭിച്ചിരുന്നെങ്കിലും ചില കാരണങ്ങളാൽ 2021 നിർത്തിവയ്ക്കേണ്ടി വന്നിരുന്നു.

# കാർഷിക സർവകലാശാലയിൽ ഇനി സോളാർ പ്രകാശം



**തൃശൂർ:** കേരള കാർഷിക സർവകലാശാലയിൽ ഇനി സോളാർ പ്രകാശപ്പൂരം. പുനരുപയോഗിക്കാവുന്ന ഊർജവിനിയോഗ സാങ്കേതികവിദ്യകളിൽ സുപ്രധാനമായതും ഇന്ന് സാർവ ത്രികമായികൊണ്ടിരിക്കുന്ന സോളാർ ഫോട്ടോവോൾട്ടായിക്സ് സാങ്കേതികവിദ്യ ഉപയോഗപ്പെടുത്താൻ കേരള കാർഷിക സർവകലാശാല തീരുമാനിച്ചു.

കേരള കാർഷിക സർവകലാശാല വൈദ്യുതോർജ ഉപയോഗത്തിനുവേണ്ടി വരുന്ന ചെ ലവ് കുറയ്ക്കുന്നതിനും ഉത്പാദിപ്പിച്ച് അധികമുള്ള ഊർജം ഗ്രിഡിൽ നൽകി വരുമാനം നേടുന്നതിനുംവേണ്ടി സർവകലാശാലയുടെ വിവിധ ക്യാന്പസുകളിൽ പൈലറ്റ് അടിസ്ഥാനത്തിൽ സൗരോർജ് പ്ലാൻറുകൾ സ്ഥാപിക്കും.

കേരള സർക്കാരിൻറെ ഗ്രീൻ എനർജി 2040 എന്ന ലക്ഷ്യം നേടുന്നതിനും സീറോ എമിഷൻ 2050 എന്ന പദ്ധതി സാക്ഷാത്കരിക്കുകയും ചെയ്യുന്നതിൻറെ ഭാഗമായി കൂടിയാണ് കേരള കാർഷിക സർവകലാശാലയുടെ

നാലു കാന്പസുകളിലായി 600 കിലോ വാട്ട് ശേഷിയിൽ സോളാർ പവർ പ്ലാൻറുകൾ സ്ഥാപിക്കുന്നത്.

വെള്ളായണി കാർഷിക കോളജ്, തവനൂർ കേളപ്പജി കാർഷിക എൻജിനീയറിംഗ് കോളജ്, വെള്ളാനിക്കര സർവകലാശാല ആസ്ഥാനം, പടന്നക്കാട് കാർഷിക കോളജ് എന്നിവിടങ്ങളിലാണു സൗരോർജ വൈദ്യുത നിലയങ്ങൾ സ്ഥാപിക്കുക.

ഇതിനായി അനർട്ടുമായി സഹകരിച്ച് പദ്ധതി തയാറാക്കി. പദ്ധതിയുടെ പ്രാഥമിക ഗുണഭോക്താക്കളിൽ സർവകലാശാലയിലെ മുഴുവൻ വിദ്യാർഥിഅധ്യാപകഅനധ്യാപകരും ഉൾപ്പെടും.

സൗരോർജ ഉപയോഗവിൽപനയിലൂടെ സർവ്വകലാശാലയുടെ വൈദ്യുത ഉപയോഗത്തിനുള്ള ഉയർന്ന ചെലവു ഗണ്യമായി കുറക്കുന്നതിനും ആതുക കാർഷിക മേഖലയിലെ ഗവേഷണ പദ്ധതികൾക്കായി ഉപയോഗിക്കാനും സാധിക്കുമെന്നാണു പ്രതീക്ഷിക്കുന്നത്. ഈ പദ്ധതിയിൽ വാർഷിക വൈദ്യുത ഉത്പാദനം ഏകദേശം 7.68 ലക്ഷം യൂണിറ്റ് ലഭിക്കുമെന്നാണു കണക്കാക്കുന്നത്.

കെഎസ്ഇബിയുടെ നിബന്ധനകൾ അനുസരിച്ച് അധിക വൈദ്യുതിയുടെ ചെലവ് ഈടാക്കിക്കൊണ്ടു സർവകലാശാലയുടെ വിവിധ കാന്പസുകളിലെ നിലവിലെ കെട്ടിടങ്ങളുടെ മേൽക്കൂരകളിലാണ് ഇത്തരം പ്ലാൻറുകൾ സ്ഥാപിക്കുന്നത്. കേരള സർക്കാരിൻറെ ഏജൻസിയായ അനർട്ട് മുഖേന നടപ്പാക്കുന്ന പുരപ്പുറ സോളാർ പദ്ധതി യോഗ്യതയുള്ള അംഗീകൃത വെണ്ടർമാരിൽ നിന്നും പരിമിത ടെൻഡർ അടിസ്ഥാനത്തിൽ തികച്ചും നിർമാണ ചിലവില്ലാത്ത സംവിധാനമായ റെസ് കോ മോഡലിലാണ് ഇവ സ്ഥാപിക്കന്നത്.



## ബീച്ചുകൾ ഉള്ള എല്ലാ ജില്ലകളിലും ഫ്ളോട്ടിംഗ് ബ്രിഡ്ജ് ആരംഭിക്കും

**വൈപ്പിൻ:** വിനോദ സഞ്ചാരികളെ കൂടുതൽ ആകർഷിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് ബീച്ചുകൾ ഉള്ള എല്ലാ ജില്ലകളിലും ഫ്ലോട്ടിംഗ് ബ്രിഡ്ജുകൾ ആരംഭിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുള്ളതായി മന്ത്രി മുഹമ്മദ് റിയാസ്.

ജില്ലയിലെ ആദ്യത്തെ ഫ്ലോട്ടിംഗ് ബ്രിഡ്ജ് കുഴുപ്പിള്ളി ബീച്ചിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. വിവിധ ജില്ലകളിൽ ഇതിനകം ബ്രിഡ്ജുകൾ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ സ്ഥാപിച്ച ബ്രിഡ്ജുകൾ വൈകാതെ തുറന്നുകൊടുക്കും.

പ്രാദേശിക വിനോദസഞ്ചാര വികസന സാധ്യതകൾ മുതലെടുക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഇതിനൊപ്പം സാഹസിക വിനോദസഞ്ചാര പദ്ധതികൾ പ്രോത്സാഹിപ്പിക്കുമെന്നും മന്ത്രി തുടർന്ന് പറഞ്ഞു.

കെ.എൻ. ഉണ്ണികൃഷ്ണൻ എംഎൽഎ അധ്യക്ഷത വഹിച്ചു. കുഴുപ്പിള്ളി പഞ്ചായത്ത് പ്രസിഡൻറ് കെ. എസ്. നിബിൻ, കൊച്ചി മേയർ എം. അനിൽകുമാർ, വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് തുളസി സോമൻ, ജില്ലാ പഞ്ചായത്തംഗം എം.പി. ഷൈനി എന്നിവർ പ്രസംഗിച്ചു.

# ഡാമുകളിൽ ജലശേഖരം കുറവ്; കർഷകർക്ക് ആശങ്ക



**പാലക്കാട്:** മലമ്പുഴ ജലസേചന പദ്ധതിയിലുള്ള മലമ്പുഴ അണക്കെട്ടിൽ രണ്ടാംവിളക്കുള്ള ജലവിതരണത്തിന് 23 ദിവസത്തേക്കുള്ള വെള്ളം മാത്രമേ അവശേഷിക്കുന്നുള്ളൂവെന്ന് എക്സിക്യൂട്ടീവ് എൻജിനീയർ അറിയിച്ചു.

223.60 എംഎം3 ആണ് ഡാമിൻറെ മാക്സിമം ലൈവ് സ്റ്റോറേജ്. ഇന്നലെ ഡാമിലെ ജലനിരപ്പ് 108.68 മീറ്ററും ലൈവ് സ്റ്റോറേജ് 97.271 എംഎം3 ആണ്. ഇതിൽ വരൾച്ചാ സാഹചര്യം ഒഴിവാക്കാൻ പുഴയിലേക്ക് വെള്ളം തുറന്നുവിടുന്നതിനും കുടിവെള്ളത്തിനുമായി 50 എംഎം3 ജലം മാറ്റിവച്ച് ബാക്കി വരുന്നതിൽനിന്നും രണ്ടാംവിളക്ക് 23 ദിവസത്തേക്ക് ജലവിതരണത്തിനുള്ള വെള്ളമാണ് അവശേഷിക്കുക.

പോത്തുണ്ടി ജലസേചന പദ്ധതിയിലുള്ള പോത്തുണ്ടി ഡാമിൻറെ മാക്സിമം ലൈവ് സ്റ്റോറേജ് 43.891 എംഎം3 ആണ്. ഇന്നലെ ജലനിരപ്പ് 97.68 മീറ്ററും ലൈവ് സ്റ്റോറേജ് 12.87 എംഎം3 ആണ്.

ഇതിൽ വരൾച്ചാ സാഹചര്യം ഒഴിവാക്കാൻ പുഴയിലേക്ക് വെള്ളം തുറന്നുവിടുന്നതിനും കുടിവെള്ളത്തിനുമായി നാല് എംഎം3 ജലം മാറ്റിവച്ച് ബാക്കി വരുന്നതിൽനിന്നും രണ്ടാം വിളക്കായി 16 ദിവസത്തേക്ക് ജലവിതരണത്തിനുള്ള വെള്ളം മാത്രമേ അവശേഷിക്കുന്നുള്ളൂ. മംഗലം ജലസേചന പദ്ധതിയിലുള്ള മംഗലം ഡാമിൻറെ മാക്സിമം ലൈവ് സ്റ്റോറേജ് 25.344 എംഎം3 ആണ്.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com




THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS

LiVa KITCHENS & INTERIORS
TRUSTED since 2007 | 15 YEAR GUARANTEE | CUSTOMER SATISFACTION 100% GUARANTEED | ISO 9001 CERTIFIED | LOWEST HONEST PRICE

SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER

HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62

SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19

SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA

FACTORY : KERALA
Kairady PO, Palakkad
+ 91 9288022663

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com